പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.61 **09.02.2011 – ൽ** മറുപടിക്ക്

## വാഹനത്തിരക്ക് ഒഴിവാക്കുന്നതിനായി ബൈ പാസ്സുകൾ നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.ബാബു. എം. പാലിശ്ശേരി | | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പമന്ത്രി) |
| (എ) നഗരങ്ങളിലെ വാഹനത്തിരക്ക് ഒഴിവാക്കുന്നതിനായി ബൈ പാസ്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;<br><br>(ബി) ദേശീയപാതാ വിഭാഗത്തിൽ എത്ര ബൈ പാസ്സുകളാണ് നിർമ്മിക്കുന്നത്; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) & (ബി) | തിരക്കേറിയ നഗരങ്ങളിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് 25 ബൈപ്പാസുകൾ കൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ളവയിൽ പെരുമ്പാവൂര് ബൈപ്പാസ്, നിലമ്പൂർ ബൈപ്പാസ് എന്നിവ ഒഴിച്ചുള്ളവയുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ കേരളത്തിലെ ദേശീയപാതകളിൽ മൊത്തം 23 ബൈപ്പാസുകൾ ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ എല്ലാ ബൈപ്പാസുകളുടെയും പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി എത്ര ബൈപാസ്സുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; മൊത്തം എത്ര കോടി രൂപയുള്ള പണികൾക്ക് ഭരണാനുമതി നൽകി എന്ന് വെളിപ്പെടുത്തുമോ; | (സി) | 24 എണ്ണം. മൊത്തം 147.32 കോടി രൂപയുടെ പ്രവൃത്തികൾക്ക് മാന്ദ്യ വിരുദ്ധ പാക്കേജിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.. |
| (ഡി) | ബൈ പാസ്സുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | അടിയന്തിരപ്രാധാന്യത്തോടെ നിർമ്മിക്കേണ്ട ബൈപ്പാസുകളുടെ ലാന്റ് അക്വിസിഷൻ ഫാസ്റ്റ്ട്രാക്കിലുൾപ്പെടുത്തി ഉത്തരവാകുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

| | മാന്ദ്യവിരുദ്ധ പാക്കേജിൽ അനുമതി നല്കിയ ബൈപ്പാസുകൾ | ഇപ്പോഴുള്ള പുരോഗതി. |
|---|---|---|
| 1 | റാന്നി ബൈപ്പാസ് - I & II - 6 കോടി (പത്തനംതിട്ട ജില്ല) | വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 2 | മുണ്ടക്കയം ബൈപ്പാസ്- 2 കോടി (കോട്ടയം ജില്ല) | LA നടപടികൾ ആരംഭിച്ചു. |
| 3 | കോടിമത-ചുങ്കം ബൈപ്പാസ് - 5 കോടി (കോട്ടയം ജില്ല) | LA നടപടികൾ ആരംഭിച്ചു. |
| 4 | പട്ടിത്താനം ഏറ്റുമാനൂർ, മണർക്കാട്- 10 കോടി (കോട്ടയം ജില്ല) | LA നടപടികൾ ആരംഭിച്ചു. |
| 5 | കാക്കനാട്- തങ്കളം - 5 കോടി (എറണാകുളം ജില്ല) | LA നടപടികൾ ആരംഭിച്ചു |
| 6 | പെരുമ്പാവൂർ ബൈപ്പാസ് - 10 കോടി (എറണാകുളം ജില്ല) | കെ.എസ്.സി.സി-യെ ഏൽപ്പിച്ചു. |
| 7 | യാക്കര-തിരുനെല്ലായി ബൈപ്പാസ്- 2.43 കോടി (പാലക്കാട് ജില്ല) | പ്രവൃത്തി ആരംഭിച്ചു. |
| 8 | കോട്ടയ്ക്കൽ ബൈപ്പാസ്- 7.36 കോടി (മലപ്പുറം ജില്ല) | പ്രവൃത്തി ആരംഭിച്ചു. |
| 9 | കർമ്മ ബൈപ്പാസ് - 14.00 കോടി (മലപ്പുറം ജില്ല) | ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. |
| 10 | പേരാമ്പ്ര ബൈപ്പാസ് - 7.30 കോടി (കോഴിക്കോട് ജില്ല) | എൽ.എ. ആരംഭിച്ചു |
| 11 | വടക്കുംകൂർ ബൈപ്പാസ് കടുത്തുരുത്തി - 8.30 കോടി (കോട്ടയം ജില്ല) | എൽ.എ. ആരംഭിച്ചു |
| 12 | മണ്ണുത്തി-വടക്കേത്തറ-താന്നിക്കുടം കുണ്ടുകാട് ബൈപ്പാസ്- 1.80 കോടി (തൃശ്ശൂർ ജില്ല) | പ്രവൃത്തിപുരോഗതിയിലാണ്. |
| 13 | കൊല്ലങ്കോട് ബൈപ്പാസ് (വടക്കാഞ്ചേരി-പൊള്ളാച്ചി- 13.00 കോടി) (പാലക്കാട് ജില്ല) | എൽ.എ. ആരംഭിച്ചു |
| 14 | നിലമ്പൂർ ബൈപ്പാസ് - 16 കോടി (മലപ്പുറം ജില്ല) | കെ.എസ്.സി.സി-യെ ഏൽപ്പിച്ചു |

| | | |
|---|---|---|
| 15 | നരിക്കുനി ബൈപ്പാസ്- 9.50 കോടി (കോഴിക്കോട് ജില്ല) | അലൈൻമെന്റ് തയ്യാറായി വരുന്നു. |
| 16 | കുറ്റിയാടി ബൈപ്പാസ്- 5 കോടി (കോഴിക്കോട് ജില്ല) | എൽ.എ. ആരംഭിച്ചു |
| 17 | മാഹി ബൈപ്പാസ് - 1.25 കോടി (കണ്ണൂർ ജില്ല) | എൽ.എ. ആരംഭിച്ചു |
| 18 | അഞ്ചൽ ബൈപ്പാസ്- 2 കോടി (കൊല്ലം ജില്ല) | എൽ.എ. ആരംഭിച്ചു |
| 19 | കോലാനി-വെങ്ങല്ലൂർ ബൈപ്പാസ്- 3.50 കോടി (ഇടുക്കി ജില്ല) | പ്രവൃത്തി പുരോഗതിയിലാണ്. |
| 20 | മൂവാറ്റുപുഴ ടൗൺ ബൈപ്പാസ്- 7.25 കോടി (എറണാകുളം ജില്ല) | എൽ.എ.നടന്നുവരുന്നു. ഭാഗികമായി (NAZ Road portion) പ്രവൃത്തി ആരംഭിച്ചു. |
| 21 | തത്തമംഗലം ബൈപ്പാസ്- 2.98 കോടി (പാലക്കാട് ജില്ല) | എൽ.എ. ആരംഭിച്ചു |
| 22 | അകത്തേത്തറ ബൈപ്പാസ് - 2.50 കോടി (പാലക്കാട് ജില്ല) | പ്രവൃത്തി പുരോഗതിയിലാണ്. |
| 23 | മാനന്തവാടി ബൈപ്പാസ്- 3.40 കോടി (വയനാട് ജില്ല) | ടെണ്ടറിന് GTC അംഗീകാരം |
| 24 | പെരുമണ്ണ ബസാർ - 1.15 കോടി (കോഴിക്കോട് ജില്ല) | പ്രവൃത്തി പുരോഗതിയിലാണ് |
| 25 | തലശ്ശേരി ബൈപ്പാസ്- 6.75 കോടി (ടൂറിസം വിഭാഗത്തിൽ നിന്നും അനുമതി ലഭിച്ചത്) (കണ്ണൂർ ജില്ല) | പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു. |
| | **കേരളത്തിലെ ദേശീയപാതകളിൽ 23 ബൈപ്പാസുകളാണ് വിഭാവനം ചെയ്യിരിക്കുന്നത്.** | |
| 1 | തിരുവനന്തപുരം - നെയ്യാറ്റിൻകര ബൈപ്പാസ് (തിരുവനന്തപുരം ജില്ല) | 76.223 കിലോമീറ്റർ രണ്ട് വരിപ്പാതകൾ പൂർത്തീകരിച്ചു. ബാക്കി ഭാഗത്തെ സ്ഥല മെടുപ്പും മുഴുവൻ പാത നാലുവരിപ്പാത യാക്കാനുള്ള പണികളും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ചെയ്യുന്നതായിരിക്കും. |
| 2 | കൊല്ലം ബൈപ്പാസ് (കൊല്ലം ജില്ല) | 26.009 കിലോമീറ്റർ പണി പൂർത്തി യായിട്ടുണ്ട്. ബാക്കിയുള്ള 8.35 കിലോ മീറ്റർ (3 പാലങ്ങൾ ഉൾപ്പെടെ) സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി |

| | | |
|---|---|---|
| | | നാലുവരി പ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. അതിന്മേലുള്ള മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3 | ആലപ്പുഴ ബൈപ്പാസ് (ആലപ്പുഴ ജില്ല) | 2.502 കി.മീ. നീളം ഫെയിസ് 1 ലും 2.958 കി.മീ. നീളം ഫെയ്സ് 2 ലും രണ്ടുവരി പ്പാതയാക്കി വികസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 1.545 കി.മീ. സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട് |
| 4 | കൊടുങ്ങല്ലൂർ ബൈപ്പാസ് (തൃശ്ശൂർ ജില്ല) | നിർമ്മാണപ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| 5 | കോഴിക്കോട് ബൈപ്പാസ് (കോഴിക്കോട് ജില്ല) | 17.324 കി.മീ. രണ്ടുവരിപ്പാതയായി പൂർത്തീകരിച്ചിട്ടുണ്ട്. 6.86 കി.മീ. (റീച്ച്- 1) നീളത്തിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള പണികളും നാലുവരിപ്പാതയാക്കലും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ചെയ്യുന്നതായിരിക്കും. |
| 6 | തലശ്ശേരി - മാഹി ബൈപ്പാസ് (കണ്ണൂർ ജില്ല) | 9.742 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. ബാക്കിയുള്ള സ്ഥലമെടുപ്പും നാലുവരിപ്പാതയും നിർമ്മാണപ്രവർത്തനവും എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതായിരിക്കും. |
| 7 | കൊയിലാണ്ടി ഡീവിയേഷൻ (കോഴിക്കോട് ജില്ല) | സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് സർവ്വേപ്പണികൾ മുന്നോട്ടുകൊണ്ടു പോകാൻ കഴിഞ്ഞിട്ടില്ല. എൻ.എച്ച്.എ.ഐ. 45 മീറ്റർ നാലുവരിപ്പാതയായി എൻ.എച്ച്.ഡി.പി.-യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| 8 | തൃപ്പൂണിത്തുറ ബൈപ്പാസ് (എറണാകുളം ജില്ല) | 3.75 കി.മീ. നീളത്തിൽ സ്ഥലമെടുപ്പ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള നീളത്തിന്റെ അലൈൻമെന്റ് ഇതുവരെയും ഫൈനലൈസ് ചെയ്തിട്ടില്ല. |
| 9 | പൊന്നാനി ബൈപ്പാസ് (മലപ്പുറം ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 10 | ചാവക്കാട് ബൈപ്പാസ് (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 11 | വാടാനപ്പള്ളി ബൈപ്പാസ് (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 12 | തൃപ്പയാർ - വലപ്പാട് ബൈപ്പാസ് (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 13 | ചന്ദ്രാപ്പിന്നി ബൈപ്പാസ് (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 14 | മൂന്നുപീടിക ബൈപ്പാസ് (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 15 | മതിലകം സെക്ഷൻ I (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 16 | മതിലകം സെക്ഷൻ II (തൃശ്ശൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 17 | പറവൂർ ബൈപ്പാസ് (എറണാകുളം ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 18 | ഇടപ്പള്ളി മഞ്ഞുമ്മൽകവല റീ-അലൈൻമെന്റ് (എറണാകുളം ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 19 | പയ്യന്നൂർ ബൈപ്പാസ് (കണ്ണൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 20 | തളിപ്പറമ്പ ബൈപ്പാസ് (കണ്ണൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 21 | കണ്ണൂർ ബൈപ്പാസ് (കണ്ണൂർ ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 22 | വളാൻഞ്ചേരി ബൈപ്പാസ് (മലപ്പുറം ജില്ല) | പണി ആരംഭിച്ചിട്ടില്ല. |
| 23 | ആറ്റിങ്ങൽ ബൈപ്പാസ് (തിരുവനന്തപുരം ജില്ല) | പണി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62 09.02.2011 – ൽ മറുപടിക്ക്

# കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.ഷുക്കൂർ<br>ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.കെ.ബാബു.<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന റോഡ് വികസന പദ്ധതിയായ കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര കോടി രൂപ വായ്പയായി ലഭിക്കുമെന്നാണ് കരുതുന്നത് ; | (ബി) 1031 കോടി രൂപയുള്ള വായ്പയാണ് കേന്ദ്രധന മന്ത്രാലയം ലോകബാങ്കിന് ശുപാർശ ചെയ്തിട്ടുള്ളത്. |
| (സി) ലോകബാങ്കിൽ നിന്നും ഈ പദ്ധതിക്കായി വായ്പ ലഭ്യമാക്കുന്ന തിനാവശ്യമായ എന്തൊക്കെ നട പടികൾസ്വീകരിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ; | (സി) താഴെപ്പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു:<br>1. പദ്ധതിയുടെ പ്രധാന ഘടകമായ റോഡ് പുനരുദ്ധാരണത്തിൽ ഉൾപ്പെ ടുത്തേണ്ട സംസ്ഥാന പാതകൾ ഏതെന്ന് തീരുമാനിക്കുകയും ആയതിന്റെ സ്ഥലമെടുപ്പ് 98% പൂർത്തീകരിക്കുകയും ചെയ്തു.<br>2. പ്രസ്തുത റോഡുകളുടെ വിശദമായ പഠനങ്ങളും കൺസൾട്ടൻസികൾ മുഖേന ഇതിനകം നടത്തി കഴിഞ്ഞു. |

3. രണ്ടാംഘട്ട പദ്ധതിയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ 10.04.2009 -ൽ 1356 കോടി രൂപ വായ്പയെടുക്കുന്നതിനുള്ള അനുമതി നൽകി.

4. പദ്ധതിയുടെ ഒരു പ്രാഥമിക രൂപരേഖ യുണ്ടാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

5. 07.01.2011 - ൽ കേന്ദ്ര സർക്കാർ പദ്ധതിയ്ക്ക് ധനസഹായം നല്കുന്നതിനായി ലോകബാങ്കിനോട് ശുപാർശ ചെയ്തു.

6. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനും, വിശദമായ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിക്കായി സംസ്ഥാന വിഹിതമായി എന്തു തുകയാണ് വേണ്ടിവരുന്നത്; | (ഡി) & (ഇ) | ലോകബാങ്ക് അംഗീകാരം ലഭിച്ചതിനു ശേഷമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ഇ) | രണ്ടാംഘട്ട പദ്ധതി വൈകിയതു കാരണം ഈ പദ്ധതിയിലൂടെ നടപ്പിലാക്കേണ്ടിയിരുന്ന റോഡുകളുടെ വികസനത്തിനായുള്ള അടങ്കൽ തുകയിൽ എത്ര കോടി രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട് എന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 63 — 09.02.2011 ൽ മറുപടിക്ക്

## മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

**ചോദ്യം**
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.കെ.സി.കുഞ്ഞിരാമൻ
പ്രൊഫ.സി.രവീന്ദ്രനാഥ്

**മറുപടി**
ശ്രീ. ജോസ് തെറ്റയിൽ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ നടപ്പു സമ്പത്തിക വർഷം 8 പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.<br>1. ഹാൻഡ് ഹെൽഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ എന്നിവ വാങ്ങലും റഡാർ സർവ്വലൻസ് സംവിധാനം നടപ്പിലാക്കലും.<br>2. വാഹനങ്ങൾ വാങ്ങൽ.<br>3. റോഡ് സുരക്ഷാ നടപടികൾ.<br>4. ഇ-ഗവേണൻസ് നടപ്പിലാക്കൽ.<br>5. ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കൽ.<br>6. വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ.<br>7. മോട്ടോർവാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം.<br>8. ഡ്രൈവർ ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ. |
| (ബി) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനായി വകുപ്പ് സ്പീഡ് ഡിറ്റക്ടറുകൾ, ഇന്റർസെപ്ടറുകൾ, തുടങ്ങിയ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റഡാർ സർവ്വലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഡ്രൈവർമാർക്ക് വേണ്ടിയുള്ള ആധുനിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാർക്ക് വേണ്ടിയുള്ള ഒരു ആധുനിക രീതിയിലുള്ള പരിശീലന ഗവേഷണ കേന്ദ്രം തുടങ്ങുവാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. താൽക്കാലികമായി ടി കേന്ദ്രം കോഴിക്കോട് ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എടപ്പാളിൽ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന് കൈമാറുകയും തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്? | (ഡി) | ഏകീകൃതമായ ഒരു മൂല്യ നിർണ്ണയം നടത്തുന്നതിനായി ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുവാനായി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.64 | 09.02.2011 -ൽ മറുപടിയ്ക്ക് |
|---|---|

**വികലാംഗ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ:<br>ശ്രീ. കെ. പി. മോഹനൻ:<br>ശ്രീ. എം.കെ. പ്രേംനാഥ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികലാംഗ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ലക്ഷ്യ മിട്ടിരിക്കുന്ന പ്രവർത്തന പരിപാടികൾ വ്യക്തമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൻ കീഴിൽ വികലാംഗരുടെ ക്ഷേമത്തിനായി/പുനരധിവാസത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് 140 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതുപയോഗിച്ച് 12 പരിപാടികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. (അനുബന്ധം - I); സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പദ്ധതിക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം III ആയും സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം IV ആയും നല്കിയിട്ടുണ്ട്. |
| (സി) | വികലാംഗ പുനരധിവാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | (സി) | സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധം V ആയും സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധികളുടെ പ്രവർത്തനം പുരോഗതി അനുബന്ധം VI ആയും നല്കിയിട്ടുണ്ട്. |

Maykelai Nete

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

**(1.) വികലാംഗർക്കായി ജില്ലകൾതോറും മെഡിക്കൽ ക്യാമ്പുകൾ നടത്തി സഹായോപകരണങ്ങൾ സൗജന്യമായി വിതരണം നടത്തുന്നു. (69 ലക്ഷം)**

ഈ പദ്ധതിയനുസരിച്ച് ജില്ലകൾതോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വികലാംഗർക്ക് വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, ശ്രവണ സഹായി , ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, കണ്ണട, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയർ, മുതലായ ഉപകരണങ്ങൾ സൗജന്യമായി വിതരണം നടത്തി വരുന്നു.

**2 സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി) (16 ലക്ഷം)**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ ബാങ്കുകളിൽ നിന്നും വികലാംഗർ എടുക്കുന്ന വായ്പകൾക്ക് സബ്സിഡി നൽകുന്നു. പ്രോജക്ട് കോസ്റ്റിന്റെ 50% (പരമാവധി 5000/- രൂപയായി നിജപ്പെടുത്തി) സബ്സിഡി നൽകി വരുന്നു.

**3. മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങുന്നതിന് വികലാംഗർക്കുള്ള സബ്സിഡി.(10 ലക്ഷം)**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000/- രൂപ സബ്സിഡിയായി നൽകുന്നു. ഇതിലേക്കായി ബില്ല്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, വികലാംഗ സർട്ടിഫിക്കറ്റ് എന്നിവയുടെ ശരി പകർപ്പ് അറ്റസ്റ്റ് ചെയ്ത് സമർപ്പിക്കേണ്ടതാണ്.

**4. വികലാംഗരുടെ സ്വയംസഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.(3 ലക്ഷം)**

നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി 5 കോർപ്പറേഷനുകളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. ഓരോ കോർപ്പറേഷനുകളിൽ നിന്നും 2 വീതം സ്വയം സഹായ സംഘങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് 25,000/- രൂപവീതം ധനസഹായം നൽകുന്നു. സ്വയംസഹായ സംഘങ്ങൾ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുകയാണെങ്കിൽ അടങ്കൽ തുകയുടെ 50% പരമാവധി 25,000/- രൂപയായി നിജപ്പെടുത്തി സബ്സിഡി നൽകും. അല്ലെങ്കിൽ പദ്ധതിയുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ വാടക നൽകുന്നതിനോ ആയി 25,000/- രൂപ കോർപ്പറേഷൻ നൽകുന്നു.

**5. ലോട്ടറി വിൽപന നടത്താൻ സാമ്പത്തിക സഹായം: (8 ലക്ഷം)**

കേരള സ്റ്റേറ്റ് ലോട്ടറി ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ശാരീരികമായി വൈകല്യമുള്ളവർക്കായി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൻ കീഴിൽ, ലോട്ടറി ടിക്കറ്റുകൾവിറ്റ് ജീവിതമാർഗ്ഗം കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് 5000/- രൂപ വീതം സാമ്പത്തിക സഹായം നൽകി വരുന്നു. ഇതിലേക്കായി താഴെപറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

(എ) 40% മോ അതിൽ കൂടുതലോ വൈകല്യം തെളിയിക്കുന്ന മെഡിയ്ക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി.

(ബി) റേഷൻ കാർഡിൻന്റെ അറ്റസ്റ്റഡ് കോപ്പി.

(സി) വരുമാന സർട്ടിഫിക്കറ്റ് അറ്റസ്റ്റഡ് കോപ്പി.

(ഡി) പാസ്പോർട്ട് സൈസ് ഫോട്ടോ.

(ഇ) ലോട്ടറി ഏജന്റിന്റെ ലൈസൻസ് സർട്ടിഫിക്കറ്റ്.

6. **വൈകല്യമുള്ളവർക്ക് വേണ്ടി മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗ് - കം- ഗൈഡൻസ് : (4 ലക്ഷം)**

പി.എസ്.സി/യു.പി.എസ്.സി. , റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയവ നടത്തുന്ന മത്സര പരീക്ഷകളിൽ വികലാംഗരെ സജ്ജമാക്കുന്നതിനായി ഇവർക്കായി സൗജന്യമായി കോച്ചിംഗ് ക്ലാസ്സ് നടത്തി വരുന്നുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി സഹകരിച്ചാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്.

7. **അംഗവൈകല്യമുള്ളവർക്കുള്ള പ്രൊഫിഷ്യൻസി അവാർഡ് : (3 ലക്ഷം)**

അംഗ വൈകല്യമുള്ള കുട്ടികളെ പ്രചോദിതരാക്കുകയെന്ന ഉദ്ദേശത്തോടെ ഓരോ ജില്ല യിലും എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി എന്നീ പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കൈകാലുകൾക്ക് വൈകല്യമുള്ള വിഭാഗം, കാഴ്ച വൈകല്യമുള്ള വിഭാഗം കേൾവിക്കും സംസാരത്തിനു തകരാറുകളുള്ള വിഭാഗം ബുദ്ധി വൈകല്യമുള്ള വിഭാഗം എന്നീ നാലു വിഭാഗത്തിലെ എറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 2500/- രൂപ ക്യാഷ് അവാർഡും നൽകുന്നു. ഈ നാലു വിഭാഗങ്ങളിലും സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 5000/- രൂപ ധനസഹായം നൽകുന്നു. അസാധാരണമായ കഴിവ് പ്രകടിപ്പിക്കുന്ന വൈകല്യമുള്ള കുട്ടിക്ക് 5000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു. അതുപോലെ വൈകല്യമുള്ളവർക്കായി സേവനമനുഷ്ടിക്കുന്ന ഏറ്റവും നല്ല ഗവൺമെന്റ് ഇതര സംഘടന, അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർക്ക് 5000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

8. **സ്വയംതൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നു.(8 ലക്ഷം)**

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സ്റ്റേറ്റ് ചാന ലിംഗ് ഏജൻസിയാണ് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി പ്രകാരമുള്ള വായ്പകൾ കോർപ്പറേഷൻ വികലാംഗർക്ക് വിതരണം ചെയ്തു വരുന്നു..

യോഗ്യതാ മാനദണ്ഡങ്ങൾ

**ഇനി പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന ഏതൊരു അംഗവൈകല്യമുള്ള വ്യക്തിയും ധനഹായത്തിന് അപേക്ഷിക്കാൻ യോഗ്യരാണ്.**

(എ) 40% മോ അതിൽ കൂടുതലോ വൈകല്യം തെളിയിക്കുന്ന മെഡിയ്ക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി.

(ബി) പ്രായം 18 നും 60 നും മദ്ധ്യേ.

(സി) വാർഷിക വരുമാനം, നഗര പ്രദേശങ്ങളിലുള്ളവർക്ക് രണ്ട് ലക്ഷം രൂപയും, ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 1,60,000/- രൂപയും ആയിരിക്കും.

(ഇ) അപേക്ഷകന് തക്കതായ വിദ്യാഭ്യാസം/സാങ്കേതിക/തൊഴിൽ യോഗ്യതകൾ/പ്രവർത്തി പരിചയം/സാഹചര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. പലിശ നിരക്ക് ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്

50,000/-രൂപവരെ 5%

50,000/- ന് മുകളിൽ 5 ലക്ഷംവരെ 6%

5 ലക്ഷത്തിന് മുകളിൽ 8%

സ്ത്രീകൾക്ക് 1 % പലിശ റിബേറ്റ് ഉണ്ടായിരിക്കുന്നതാണ്. 10 വർഷമാണ് തിരിച്ചടവ് കാലാവധി.

9. അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി : (7 ലക്ഷം)

60% വൈകല്യമുള്ള പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും പേർക്ക് കോർപ്പറേഷൻ ട്രസ്റ്റിയായി 10,000/- രൂപ സ്ഥിരനിക്ഷേപം നടത്തുന്നു.

യോഗ്യത :

1. ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 36,000/- രൂപയിൽ താഴെ.
3. പ്രായ പരിധി : നവജാതശിശു മുതൽ 5 വയസ് വരെ.

ട്രസ്റ്റി : കോർപ്പറേഷൻ

ഫണ്ട് റിലീസ് : 18 വയസിന് ശേഷം

10. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നു. (4 ലക്ഷം)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ കേരളത്തിലെ വികലാംഗരായ പട്ടികജാതി പട്ടികവഗ്ഗത്തിൽപ്പെട്ടവർക്ക് വൈകല്യം തടസ്സമാകാത്ത രീതിയിൽ തൊഴിൽ പരിശീലനം നൽകി വരുന്നു. ഓരോ ജില്ലയിലേയും 10 പേർക്ക് വീതമാണ് പരിശീലനം നൽകുന്നത്. രണ്ട് ജില്ലകളിലുള്ളവർക്ക് ഒരുമിച്ച് ഒരു ജില്ലയിൽ വച്ച് പരിശീലനം നൽകുന്നു. ആഹാരം, താമസം, വണ്ടിക്കൂലി തുടങ്ങിയവ സൗജന്യമായി നൽകുന്നു. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതി പ്രകാരമുള്ള വായ്പ നൽകുന്നു.

11. വികലാംഗരായ വയോജനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിൽ പാറശ്ശാലയിൽ വൃദ്ധസദനം. (2 ലക്ഷം)

വികലാംഗരായ വയോജനങ്ങളെ താമസപ്പിക്കുന്നതിന് ഒരു വൃദ്ധസദനം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും കൂടി പാറശ്ശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. 25 പുരുഷൻമാർക്കും 25 സ്ത്രീകൾക്കും താമസിക്കാൻ സൗകര്യമുള്ള അത്യാധുനിക രീതിയിൽ പണി കഴിപ്പിച്ചതും ചുറ്റുമതിലോടുകൂടിയ 1 ഏക്കർ 20 സെന്റ് സ്ഥലത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ഇവിടെ 7 പുരുഷ അന്തേവാസികൾ ഉണ്ട്.

12. വയോജനങ്ങൾക്കും വികലാംഗർക്കും മെഡിക്കൽ ക്യാമ്പ് (6 ലക്ഷം)

മെഡിയ്ക്കൽ ക്യാമ്പുകൾ നടത്തി വയോജനങ്ങൾക്കും വികലാംഗർക്കും സൗജന്യമായി മരുന്ന്, സഹായോപകരണങ്ങൾ എന്നിവ വിതരണം നടത്തുന്നു.

Manymelanrek
S.O.

<u>വികലാംഗ സദനം :-</u>

വികലാംഗരായ പുരുഷൻമാർക്ക് വേണ്ടിയുള്ളത് കോഴിക്കോടും വനിതകൾക്ക് ഉള്ളത് തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിലും പ്രവേശിപ്പിക്കാവുന്ന അന്തേവാസികളുടെ എണ്ണം 25 ആണ്. എറണാകുളത്ത് മാത്രം 75 പേർക്ക് പരമാവധി പ്രവേശനം അനുവദിച്ചിരിക്കുന്നു.

<u>ബാലവികലാംഗ സദനം :-</u>

വികലാംഗരായ കുട്ടികൾക്ക് വേണ്ടി ആലപ്പുഴയിലും തലശ്ശേരിയിലും ഓരോന്നും പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള അന്തേവാസികളുടെ എണ്ണം 25 ആണ്.

<u>ബുദ്ധിവൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനം :-</u>

ബുദ്ധി വൈകല്യമുള്ളവർക്ക് വേണ്ടി 3 സ്ഥാപനങ്ങൾ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നു. കുട്ടികൾക്ക് വേണ്ടി HMDC കോഴിക്കോട് പ്രവർത്തിക്കുന്നു. ബുദ്ധിവൈകല്യമുള്ള പുരുഷൻമാർക്ക് വേണ്ടി മലപ്പുറം ജില്ലയിൽ പ്രതീക്ഷാ ഭവനെന്ന പേരിലും സ്ത്രീകൾക്ക് തൃശ്ശൂരിൽ പ്രത്യാശാ ഭവനെന്ന പേരിലും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. HMDC, പ്രതീക്ഷാ ഭവൻ എന്നിവയിൽ 50 അന്തേവാസികൾ വീതവും പ്രത്യാശാ ഭവനിൽ 25 പേരും പരമാവധി പ്രവേശിക്കപ്പെടുന്നു.

<u>വൃദ്ധവികലാംഗ സദനങ്ങൾ</u>

സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ വൃദ്ധരായ വികലാംഗരുടെ പുനരധിവാസത്തിനുവേണ്ടി കേരളത്തിൽ ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, എന്നീ നാല് സ്ഥലങ്ങളിൽ വൃദ്ധ വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

ഈ വകുപ്പിൽ നിന്നും ടി ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെയിന്റനൻസിനായി പ്രതിമാസ ഭക്ഷണ ചെലവിന് 750/- രൂപയും മരുന്നിനും ചികിത്സക്കുമായി പ്രതിമാസം 300/- രൂപയും വസ്ത്രത്തിന് അന്തേവാസി ഒന്നിന് പ്രതിവർഷം 1000/- രൂപയും നൽകി വരുന്നുണ്ട്.

ഇതിനുപുറമെ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ വിദ്യാഭ്യാസവും ലഭ്യമാക്കുന്നു. HMDC യിൽ കുട്ടികൾക്ക് Tablet കവർ നിർമ്മാണം പരിശീലിപ്പിക്കുന്നു. മുതിർന്നവർക്കുള്ള സ്ഥാപനത്തിൽ താഴെപറയും പ്രകാരം തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| വികലാംഗ വനിത സദനം, തിരുവനന്തപുരം | - | ബുക്ക് ബൈന്റിംഗ്, ഡി.റ്റി.പി. ഫാഷൻ ഡിസൈനിംഗ്, തയ്യൽ |
| വികലാംഗ വനിതാ സദനം, എറണാകുളം | - | സാരി ഡിസൈനിംഗ്, പെയിന്റിംഗ്, എംബ്രോയിഡറി, തയ്യൽ |
| ഗവൺമെന്റ് വികലാംഗ സദനം, കോഴിക്കോട് | | ബുക്ക് ബൈന്റിംഗ്, ലെതർ വർക്ക്സ്, കമ്പ്യൂട്ടർ പരിശീലനം. |
| പ്രതീക്ഷാ ഭവൻ, മലപ്പുറം | | മെഡിസിൻ കവർ നിർമ്മാണം<br>ഫിനോയിൽ നിർമ്മാണം, കുട, വളർത്തൽ |

ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 2 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തിരുവനന്തപുരത്തും കോഴിക്കോട്ടുമായി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള കേന്ദ്രത്തിൽ ബുക്ക് ബൈന്റിംഗ്, ടൈലറിംഗ് ആന്റ് എംബ്രോയിഡറി എന്നിവയും കെൽട്രോൺ മുഖാന്തിരം D.T.P, DCHNM, DCA എന്നീ കമ്പ്യൂട്ടർ പരിശീലനവും കൂടാതെ സ്പോൺസേർഡ് സ്ഥാപനമായ ATDC മുഖാന്തിരം ഫാഷൻ ഡിസൈനിംഗ് കോഴ്സും നൽകി വരുന്നു. കോഴിക്കോട് പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ ബുക്ക് ബൈന്റിംഗ്, ലെതർ വർക്ക്സ്, DCA, DTP, DCHNM എന്നീ കമ്പ്യൂട്ടർ കോഴ്സുകളും (കെൽട്രോൺ മുഖാന്തിരം) സ്പോൺസേർഡ് സ്ഥാപനമായ ATDC മുഖാന്തിരം 19-07-2010 മുതൽ ഫാഷൻ ഡിസൈനിംഗ് കോഴ്സുകളും നടത്തി വരുന്നു.

ടി സ്ഥാപനങ്ങൾ വികലാംഗരുടെ പുനരധിവാസത്തിനായി തുടർന്നും പ്രവർത്തിക്കുന്നതാണ്.

**<u>വികലാംഗർക്ക് വേണ്ടിയുള്ള മറ്റ് സ്കീമുകൾ ചുവടെ ചേർക്കുന്നു.</u>**

I. **വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36,000/- രൂപയിൽ കവിയാത്തവരും, മുൻ വാർഷിക പരീക്ഷയിൽ 40%ൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്.

II. **അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുള്ള ധനസഹായം**

കുടുംബ വാർഷിക വരുമാനം പ്രതിമാസം 18,000/- രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും വകുപ്പ് ധനസഹായം നൽകി വരുന്നു. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 5 വർഷത്തേക്ക് റീഡേഴ്സ് അലവൻസും, നിയമ പുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണ മാത്രം 2500/- രൂപയും നൽകി വരുന്നു.

III. ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത

കുടുംബ വാർഷിക വരുമാനം 10,000/- രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തു പരീക്ഷയ്ക്കും, ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്നതിന് ടി.എ/ഡി.എ എന്നിവ വകുപ്പ് അനുവദിച്ചു വരുന്നു.

IV. NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന ഗ്രാന്റ്

സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നൽകി വരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 150/- രൂപ ധനസഹായം അനുവദിച്ചു വരുന്നു.

V. വികലാംഗർക്കായുള്ള സ്ഥാപനങ്ങൾക്കുള്ള PWD രജിസ്ട്രേഷൻ

വികലാംഗരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995-ലെ (The Persons with Disabilities (Equal opportunities, Protection of Right and full participation) Act-ലെ 52-ാം വകുപ്പ് പ്രകാരം വകുപ്പ് രജിസ്ട്രേഷൻ നൽകി വരുന്നു.

VI ആശ്വാസകിരണം (തീവ്രമായ ശാരീരിക /മാനസിക വെല്ലുവിളി നേരിടുന്നവരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള ധനസഹായം)

ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ശയ്യാവലംബരായ രോഗികൾ ഉള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് വേറെ തൊഴിലിന് പോകാൻ സാധിക്കാതെ വരുന്നു. ഇത് കുടുംബത്തിന്റെ വരുമാനത്തിന്റെ ലഭ്യതയെ ബാധിക്കുന്നു. ഇത്തരത്തിലുള്ളവരെ സഹായിക്കുന്നതിനായി പ്രതിമാസം 300/- രൂപ വീതം ധനസഹായം നൽകുന്നു. ഈ സ്കീം സാമൂഹ്യസുരക്ഷാ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്.

VII. കാരുണ്യ നിക്ഷേപ പദ്ധതി

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ ആയ ഡെപ്പോസിറ്റുകൾ സന്നദ്ധരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സ്വീകരിക്കുവാനും ഇതിന്റെ പലിശ ശാരീരിക/ മാനസിക വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ ചികിത്സ, ട്യൂഷൻ ഫീ, പോഷകാഹാര സപ്ളിമെന്റ്, വസ്ത്രം, കമ്പ്യൂട്ടർ എന്നീ ഇനങ്ങളിലായി ചെലവഴിക്കാൻ 15,000/- രൂപ അനുവദിക്കുന്നതാണ് ഈ പദ്ധതി. സ്പോൺസർ ചെയ്യപ്പെടുന്ന കുട്ടി അംഗീകൃത അനാഥാലയം/ സ്പെഷ്യൽ സ്കൂൾ എന്നിവയിലെ വിദ്യാർത്ഥി ആയിരിക്കണം. സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കുന്നതാണ് ഈ പദ്ധതി.

VIII) വികലാംഗ തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ മുഴുവൻ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ചേർന്ന് ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു വരുന്നു. പ്രസ്തുത തിരിച്ചറിയൽ കാർഡിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ഉണ്ടായിരിക്കും.

IX) വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

പ്രതിവർഷം ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 20,000/-, നഗരപ്രദേശങ്ങളിൽ 22,375/- രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായമായി 5,000/- രൂപ നൽകി വരുന്നു. ഇതിനുള്ള അപേക്ഷാ ഫാറം അതാതു ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിൽ നിന്നും ലഭിക്കും.

X) വിവാഹ ധനസഹായം

സ്കീം പ്രകാരം പ്രതിവർഷം 36,000/- രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും ഉള്ള വിവാഹധനസഹായമായി 10,000/- രൂപ നൽകി വരുന്നു.

XI) ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള സഹായം (ADIP)

ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് നൽകുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായം നൽകുന്നതിന് വകുപ്പ് മുഖേന അപേക്ഷകൾ ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് നൽകി വരുന്നു.

## അനുബന്ധം – III

**Details of Fund received and utilized under Plan Scheme during 2005-2006 to 2009-2010.**

| Sl. No. | Year | Fund received (Rs. in lakhs) | Fund Utilised (Rs. in lakhs) |
|---|---|---|---|
| 1 | 2005-2006 | 80.00 | 42.24 |
| 2 | 2006-2007 | 45.00 | 53.47 |
| 3 | 2007-2008 | 52.00 | 34.13 |
| 4 | 2008-2009 | 132.00 | 88.30 |
| 5 | 2009-2010 | 140.00 | 109.82 |

SO

നോൺ പ്ലാൻ

| Sl No. | Financial Year | Budget Outlay | Expenditure |
|---|---|---|---|
| 1. | 2006-07 | 20,52,000 | 12,20,674 |
| 2. | 2007-08 | 21,64,000 | 15,06,244 |
| 3. | 2008-09 | 23,34,000 | 13,46,950 |
| 4. | 2009-10 | 22,87,000 | 24,46,232 (re appropriation) |
| 5. | 2010-11 (Up to January) | 22,06,000 | 21,00,000 |

പ്ലാൻ

| Sl No. | Financial Year | Budget Outlay | Expenditure |
|---|---|---|---|
| 1. | 2009-10 | 307 lakhs | 307 lakhs |
| 2. | 2010-11 | 327 lakhs | 38,02,229 |

Sd/-
SO

അനുബന്ധം - V

വികലാംഗ ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലൂടെ അന്തേവാസികൾക്ക് സർക്കാർ ചെലവിൽ ഭക്ഷണം, വസ്ത്രം, കിടക്ക എന്നിവയും മാനസികോല്ലാസ പരിപാടികൾ-വിനോദ യാത്ര എന്നിവ നടത്തി വരുന്നു. സ്ഥാപനത്തിൽ ആവശ്യമാകുന്ന പ്രകാരം infrastructural facilities ഉയർത്തുന്നതിനായി വേണ്ട നടപടികൾ യഥാസമയം നൽകി വരുന്നു.

ഓരോ വർഷവും അന്തേവാസികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. പഴയ കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി PWD, KHRWS എന്നിവ മുഖേന കൺസ്ട്രക്ഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

താഴെപറയും പ്രകാരം 2008-09 വർഷത്തിൽ KHRWS ന് തുക അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| വികലാംഗ വനിതാ സദനം , തിരുവനന്തപുരം | - | 40,65,670/- |
| വികലാംഗ വനിതാ സദനം , എറണാകുളം | - | 39,51,693/- |
| പ്രതീക്ഷാ ഭവൻ, മലപ്പുറം | - | 100.50 lakhs |
| HMDC, Kozhikode | - | 59.25 lakhs |

ഇതിനു പുറമെ 97.49 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. HMDC, പ്രതീക്ഷാ ഭവൻ തുടങ്ങിയ സ്ഥാപനത്തിൽ IPM/IMHANS മുഖാന്തിരം അന്തേവാസികൾക്ക് Occupational therapy, assessment camp, follow up camp, ANM training, special education programme, physiotherapy, play ground, park, speech and language department, wheel chair, additional furniture, clothes എന്നിവയും നൽകി വരുന്നുണ്ട്.

NIIT മുഖാന്തിരം കമ്പ്യൂട്ടർ കോഴ്സ് നടത്തുന്നതിലേയ്ക്ക് വനിതാ വികസന കോർപ്പറേഷന് 35 ലക്ഷം രൂപ അനുവദിച്ചു.

ഇത്തരം ട്രെയിനിംഗുകൾ അന്തേവാസികളുടെ വ്യക്തിത്വ വികസനത്തിനും സ്വയം പര്യാപ്തത നേടുന്നതിനും സഹായകരമാകുന്നു.

ഈ കാലയളവിൽ എറണാകുളത്തുള്ള വികലാംഗ വനിതാ സദനത്തിലെ 2 അന്തേവാസികളെ സാമൂഹ്യക്ഷേമ വകുപ്പിന്റെയും കൊച്ചി നഗരസഭയുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ അനുയോജ്യമായ രീതിയിൽ വിവാഹം ചെയ്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ആശ്വാസകിരണം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 461 ലക്ഷം രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചു.

Mary Kalain Kell
S.O

Annexure - VI 

Proforma

**ANNUAL PLAN 2010-'11**

PLAN PROGRESS REPORT FOR THE month of January 2011

| Sl. No. | Name of Scheme | Head of Account | Budget Provision (Rs. in lakhs) | Amount Released (Rs. in lakhs) | Financial Progress (Rs. in Lakhs) | | | Remarks |
|---|---|---|---|---|---|---|---|---|
| | | | | | Expenditure upto previous month | Expenditure for the month | Cumulative Expenditure | |
| | **State Plan Schemes** | | | | | | | As per G.O. (Rt) No. 487/2010/SWD dated 10-11-2010 an amount of Rs. 47 lakhs has been released. |
| 1 | Distribution of Aids & Appliances | | 69.00 | 47.00 | 26.02 | | 26.02 | |
| 2 | Self-employment scheme (Bank loan | | 16.00 | | 2.53 | 6.17 | 8.70 | |
| 3 | Distribution of Motorized Tricycle | | 10.00 | | 2.90 | 2.20 | 5.10 | |
| 4 | Proficiency Award to the differentially abled persons | | 3.00 | | 2.00 | | 2.00 | |
| 5 | Coaching-cum-guidance centre for disabled people for competitive | | 4.00 | | | | 0.00 | |
| 6 | Financial Assistance to disabled lottery agents | | 8.00 | | 4.30 | 2.95 | 7.25 | |
| 7 | KSHPWC share for NHFDC Loan | | 8.00 | | | | 0.00 | |
| 8 | Fixed Deposit scheme for severely disabled girl & boy child | | 7.00 | | 4.50 | | 4.50 | |
| 9 | Providing Aids and appliances & Medical camps to the aged | | 6.00 | | 0.06 | | 0.06 | |
| 10 | Old age Home at Parassala for disabled | | 2.00 | | | | 0.00 | |
| 11 | Vocational training to SC/ST disabled | | 4.00 | | | | 0.00 | |
| New Scheme | | | | | | | 0.00 | |
| 12 | Financial Assistance to self-help groups | | 3.00 | | | | 0.00 | |
| | Administrative Expenses | | | | 4.70 | | 4.70 | |
| | **Total** | | **140.00** | **47.00** | **47.01** | **11.32** | **58.33** | |

S.O

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 65 — 09-02-2011-ൽ മറുപടിയ്ക്ക്

## കായിക മേഖലയുടെ സമഗ്ര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ:<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.പി.സി.ജോർജ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കായിക മേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കായിക മേഖലയുടെ ഉന്നതിക്കു വേണ്ടി ചെയ്ത കാര്യങ്ങൾ അനുബന്ധം 1 - ആയി ചേർത്തിരിക്കുന്നു.<br>കായിക യുവജനകാര്യാലയം വഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്ത് പുതുതായി എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞു; എത്ര സ്റ്റേഡിയങ്ങൾ നവീകരിച്ചു; പ്രസ്തുത ഇനത്തിൽ എത്ര തുക വിനിയോഗിച്ചു എന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് നിലവിലുള്ള കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കായിക യുവജനകാര്യ കാര്യാലയം വഴി 2006-07 സാമ്പത്തിക വർഷത്തിൽ 17 സ്ഥാപനങ്ങൾക്ക് 40 ലക്ഷം രൂപയും 2007-08 സാമ്പത്തിക വർഷത്തിൽ 27 സ്ഥാപനങ്ങൾക്ക് 67,02,000 രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 52 സ്ഥാപനങ്ങൾക്ക് 1,29,90,000/- രൂപയും |

2009-10 സാമ്പത്തിക **വർഷത്തിൽ** 43 സ്ഥാപനങ്ങൾക്ക് 1,50,00,000/- **രൂപയും** നടപ്പു സാമ്പത്തിക **വർഷം** 43 സ്ഥാപനങ്ങൾക്ക് 1,50,00,000/- **രൂപയും** അനുവദിച്ചു നൽകുകയുണ്ടായി.

35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി താഴെ പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം.
5. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി) തിരുവനന്തപുരം.
6. വാട്ടർ അതോറിറ്റി നീന്തൽകുളം, തിരുവനന്തപുരം.
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം.
8. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ.
10. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
11. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശൂർ.
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.
14. വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം.
15. ഹോക്കി സ്റ്റേഡിയം, കൊല്ലം.
16. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
17. കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയം.
18. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.

ഇവ കൂടാതെ ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ, പിരപ്പൻകോട് നീന്തൽക്കുളം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവുമായി ബന്ധപ്പെട്ട് 31-01-2010 - വരെ 16,61,36,080/- രൂപ ചെലവഴിച്ചിട്ടുണ്ട്. കളിസ്ഥല നവീകരണ/നിർമ്മാണത്തിനായി സ്പോർട്സ് കൗൺസിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു.

(സി)
സർക്കാരിന്റെ അധീനതയിൽ അന്താരാഷ്ട്ര മത്സരങ്ങൾ നടത്താൻ അനുയോജ്യമായ എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി)
1) ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം കലൂർ, എറണാകുളം.
2) മഹാരാജാസ് കോളേജ്, സ്റ്റേഡിയം എറണാകുളം.
3) യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.

(ഡി)
കായിക മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് സഹായകമാകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

(ഡി)
നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

ആരംഭസ്ഥങ്ങൾ
ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 66 — 9.2.2011 -ൽ മറുപടിക്ക്

## ദേശീയ മന്തുരോഗ നിവാരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി:<br>" കെ.മുഹമ്മദുണ്ണി ഹാജി:<br>" എം.ഉമ്മർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ മന്തുരോഗ നിവാരണ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. മന്ത് രോഗ നിവാരണത്തിനായി സംസ്ഥാനത്ത് 1955-56 മുതൽ 2010 മേയ് മാസം വരെ ദേശീയ മന്ത് രോഗ നിയന്ത്രണ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇതിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ കൊതുക് നശീകരണം നടത്തുക, രാത്രികാല രക്തപരിശോധനയിലൂടെ മൈക്രോഫൈലേറിയ ഉള്ളവരെ കണ്ടെത്തുകയും അവർക്ക് ഡി.ഇ.സി. ചികിത്സ നടത്തുകയും ചെയ്യുക, മന്ത് രോഗം ബാധിച്ചവരിൽ വൈകല്യം കൊണ്ട് ഉണ്ടാകുന്ന ദുരിതം ചികിത്സ കൊണ്ട് കുറയ്ക്കുക തുടങ്ങിയവയാണ്. കഴിഞ്ഞ പത്ത് വർഷത്തെ രാത്രികാല രക്ത പരിശോധനയിലൂടെ കണ്ടെത്തിയ മൈക്രോഫൈലേറിയ റേറ്റ് വെളിപ്പെടുത്തുന്നത് മന്ത് രോഗം സംസ്ഥാനത്ത് കുറഞ്ഞു വരുന്നതായിട്ടാണ്. |
| (ബി) കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശം നൽകുമോ; | (ബി) 2006-07 മുതൽ 2009-10 വരെ ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | തുക |
|---|---|
| 2006-07 | 1,66,94,000 |
| 2007-08 | 2,27,04,000 |
| 2008-09 | 1,99,88,000 |
| 2009-2010 | 2,79,98,000 |

| | |
|---|---|
| (സി) ഈ കാലയളവിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ സാമൂഹ്യ മന്ത് രോഗ നിവാരണ പദ്ധതി 2004 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്നു. 2015 ഓടെ മന്ത് രോഗം രാജ്യത്ത് നിന്നും പൂർണ്ണമായും നിവാരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മന്ത് രോഗം തടയുകയും അത് വഴി ഇത് വരെ രോഗം ബാധിക്കാത്തവരെയും അടുത്ത തലമുറയെയും രോഗ വിമുക്തമാക്കുക, മന്ത് രോഗം ബാധിച്ചവരിൽ വൈകല്യം കൊണ്ട് ഉണ്ടായ ദുരിതം ചികിത്സ കൊണ്ട് കുറയ്ക്കുക എന്നീ രണ്ട് കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. |
| (ഡി) ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ഡി) ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2015 ഓടെ മന്ത് രോഗം നിവാരണം ചെയ്യാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ നടന്നു പോകുന്നത്. |
| (ഇ) നാലുവർഷക്കാലം ഈ പദ്ധതിക്കായി എന്തുതുക ചെലവഴിച്ചു; ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം ലഭിച്ചുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ? | (ഇ) ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് 2006-07 മുതൽ 2009-10 വരെ ചിലവഴിച്ച ആകെ തുക ചുവടെ ചേർക്കുന്നു. |

| വർഷം | തുക |
|---|---|
| 2006-07 | 1,15,53,089 |
| 2007-08 | 1,09,49,143 |
| 2008-09 | 185.61 ലക്ഷം |
| 2009-10 | 198.20 ലക്ഷം |

കഴിഞ്ഞ നാല് വർഷക്കാലം ഈ പദ്ധതിക്കായി ചിലവഴിച്ച തുകയ്ക്ക് അനുപാതികമായ പ്രയോജനം ലഭിക്കുന്നുവെന്നാണ് 2004 മുതലുള്ള മന്ത് രോഗ രക്ത പരിശോധന റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. അതായത് 2004-ൽ ഈ പദ്ധതി ആരംഭിച്ചതുമുതൽ മന്ത് രോഗം കുറഞ്ഞു വരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

മന്ത്രോഗ നിവാരണത്തിനായി സംസ്ഥാനത്ത് 1955-56 മുതൽ 2010 മേയ് മാസം വരെ പത്തനംതിട്ട, ഇടുക്കി, വയനാട്, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ ദേശീയ മന്ത് രോഗ നിയന്ത്രണ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. 2003 മുതൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലേറിയ തുടങ്ങിയ രോഗങ്ങൾ കൂടി വരാൻ തുടങ്ങിയപ്പോൾ 2010 മേയ് മാസം മുതൽ എല്ലാ കൊതുക്ജന്യ രോഗങ്ങളേയും നിയന്ത്രിക്കുന്നതിനായി മന്ത് രോഗ നിയന്ത്രണ യൂണിറ്റിനെ ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റായി നാമകരണം ചെയ്യപ്പെടുകയും 14 ജില്ലകളിലേക്കും യൂണിറ്റുകൾ വ്യാപിപ്പിക്കുകയും അതിന്റെ പ്രവർത്തന രീതിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

കഴിഞ്ഞ പത്ത് വർഷത്തെ രാത്രികാല രക്ത പരിശോധനയിലൂടെ കണ്ടെത്തിയ മൈക്രോഫൈലേറിയ റേറ്റ് വെളിപ്പെടുത്തുന്നത് മന്ത് രോഗം സംസ്ഥാനത്ത് കുറഞ്ഞു വരുന്നതായിട്ടാണ്. കഴിഞ്ഞ പത്ത് വർഷത്തെ രാത്രികാല രക്ത പരിശോധനയിലൂടെ കണ്ടെത്തിയ മന്തുരോഗവാഹകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | എം.എഫ്.പോസിറ്റിവ് (മൈക്രോഫൈലേറിയ വാഹകരുടെ എണ്ണം) | എം.എഫ്. റേറ്റ് ശതമാനം (മൈക്രോഫൈലേറിയ വാഹകരുടെ എണ്ണം) |
|---|---|---|
| 2000 | 546 | 0.59% |
| 2001 | 659 | 0.05% |
| 2002 | 478 | 0.44% |
| 2003 | 524 | 0.43% |
| 2004 | 498 | 0.45% |
| 2005 | 547 | 0.53% |
| 2006 | 413 | 0.39% |
| 2007 | 212 | 0.19% |
| 2008 | 371 | 0.34% |
| 2009 | 259 | 0.25% |

മന്ത് രോഗ നിവാരണ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ട്. 2010-ൽ സ്റ്റേറ്റ് ഡിസീസ് കൺട്രോൾ & മോണിറ്ററിംഗ് സെല്ലിന്റെയും തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, പരിയാരം, അമൃത, സി.എസ്.ഐ., എന്നീ മെഡിക്കൽ കോളേജുകളുടേയും സിമറ്റ് കോളേജ് ഓഫ് നേഴ്സിംഗ് ഉദുമ, മലമ്പുഴ എന്നിവയുടേയും സംയുക്ത ആഭിമുഖ്യത്തിൽ മന്ത് രോഗ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.67 | 09 -02 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ. പി.കെ. അബ്ദു റബ്ബ്:<br>ശ്രീ. സി.ടി.അഹമ്മദ് അലി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയിൽ അടിക്കടി ഉണ്ടാകുന്ന സമരം മൂലം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഈ വിഷയം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ അടിക്കടി സമരം ഉണ്ടായിട്ടില്ല. |
| (ബി)<br><br><br><br><br><br><br><br><br><br>(സി) | ഗവൺമെൻറ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതുമൂലം വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിനായി പാവപ്പെട്ടവരും ഇടത്തരക്കാരും ഗവൺമെൻറ് ആശുപത്രികളെ മാത്രം ആശ്രയിക്കുന്നതു മൂലം ഇവിടങ്ങളിൽ തിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ഇതു മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഗവൺമെൻറിൻെറ പരിഗണനയിലുള്ളത് ; | (ബി) യും (സി) യും | മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യപ്രാക്ടീസ് നിരോധിച്ചതുമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിൽ തിരക്കു വർദ്ധിച്ചതായോ രോഗികൾക്ക് ബുദ്ധിമുട്ടുകൾ നേരിട്ടതായോ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ തിരക്കു നിയന്ത്രിക്കാൻ ലോക്കൽ ഒ.പി. സമ്പ്രദായം നടപ്പിൽ വരുത്തുകയും ഒ.പി.സമയങ്ങൾ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നോൺ പ്രാക്ടീസ് അലവൻസ് വേണ്ടെന്നുവെച്ച് സ്വകാര്യ പ്രക്ടീസിന് തയ്യാറാകുന്ന ഗവൺമെൻറ് ഡോക്ടർമാർക്ക് അതിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.68 — 9.2.2011ൽ മറുപടിയ്ക്ക്

'വയോമിത്രം ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.സി.രാജഗോപാലൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോധികരുടെ ആരോഗ്യ സുരക്ഷയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള 'വയോമിത്രം' പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | വയോധികരുടെ ആരോഗ്യ സുരക്ഷയ്ക്കായി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന " വയോമിത്രം " എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയ്ക്ക് മൂന്നു ഘടകങ്ങൾ ഉണ്ടായിരിക്കും.<br><br>**ഒന്നാമത്തെ ഘടകം**: 5 കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ഓരോ ഹെൽപ്പ് ഡസ്ക്ക് സ്ഥാപിക്കുന്നതായിരിക്കും. ഇതിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും മുതിർന്ന പൗരന്മാർക്കും ശയ്യാവലംബർക്കും ചികിത്സാ സൗകര്യം ലഭ്യമാവുന്ന എല്ലാവിധ വിവരങ്ങളും, പോലീസിന്റെ സഹായം പാലിയേറ്റീവ് കെയറിന് (സാന്ത്വന ചികിത്സ)രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം മുതലായവ ക്രമീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | <u>രണ്ടാമത്തെ ഘടകം</u>: ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ ഇത്തരം രോഗികളുടെ വീടുകളിലെത്തിച്ച് പാലിയേറ്റീവ് കെയർ നൽകുന്നതിനും ആവശ്യമുള്ള പക്ഷം രോഗികളെ സൗജന്യമായി ആശുപത്രിയിൽ എത്തിച്ച് ചികിത്സാ സഹായം നൽകുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതായിരിക്കും.<br><br><u>മൂന്നാമത്തെ ഘടകം</u>: കോർപ്പറേഷനുകളുടെയും മുൻസിപ്പാലിറ്റികളുടെയും നേതൃത്വത്തിൽ മൊബൈൽ ക്ലിനിക്ക് റസിഡൻഷ്യൽ മേഖലകളിൽ സ്ഥാപിച്ച് നിശ്ചിത കാലയളവിൽ മെഡിക്കൽ പരിശോധനയും First Aid facility യും നൽകുന്നതുമായിരിക്കും. ടി പദ്ധതിയുടെ നിബന്ധനകൾ ഇവയാണ്:-<br><br>• ഈ പദ്ധതി 65 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ളതാണ്.<br>• എല്ലാ മുതിർന്ന പൗരന്മാർക്കും വരുമാന പരിധി നോക്കാതെ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതായിരിക്കും.<br>• ഈ പദ്ധതി 5 കോർപ്പറേഷനുകളിലും തെരഞ്ഞെടുത്ത മുൻസിപ്പാലിറ്റികളുടെയും പരിധിയ്ക്കുള്ളിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പാക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്; | (ബി) | 5 കോർപ്പറേഷനിലേയ്ക്കും മുൻസിപ്പാലിറ്റികളിലേയ്ക്കും വേണ്ടുന്ന വാഹനങ്ങൾ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ വാടകയ്ക്ക് എടുത്തു നൽകുന്നതായിരിക്കും. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഹെൽപ്പ് ഡസ്ക്കുകളും ഇതിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും സ്ഥാപിക്കുന്നതായിരിക്കും. |
| (സി) | വയോധികരുടെ ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുമോ; | (സി) | വയോജനങ്ങളുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സാമ്പത്തികക്ലേശം അനുഭവിക്കുന്നവരുടെ ആരോഗ്യ സുരക്ഷാ കാര്യത്തിൽ ഈ സർക്കാർ ഇതിനകം നടപ്പാക്കിയ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; | (ഡി) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 18 വയസ്സിനു താഴെ പ്രായമുള്ളവരും ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്ത കുറഞ്ഞ വരുമാനക്കാരുമായ കുടുംബങ്ങളിലെ കുട്ടികൾക്കായി "താലോലം" , "ക്യാൻസർ സുരക്ഷ" തുടങ്ങിയ പദ്ധതികളിലൂടെ സൗജന്യ ചികിത്സാ സഹായം നൽകി വരുന്നുണ്ട്. |
| (ഇ) | ' വയോമിത്രം ' പദ്ധതിയ്ക്ക് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

R. Vijayakumar
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.69 — 09.02.2011-ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അജിത്<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.കെ.രാജു<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് ജിയോളജിക്കൽ മാപ്പിംഗ് ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ജിയോളജിക്കൽ മാപ്പിംഗിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. |
| (ബി) ജിയോളജിക്കൽ മാപ്പിംഗിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുവേണ്ടി പഴയ ഡാമിൽ നിന്നും 366 മീറ്റർ താഴെയായി സർവ്വേ ചെയ്ത് അലൈൻമെന്റ് കണ്ടെത്തുകയുണ്ടായി.. പ്രസ്തുത അലൈൻമെന്റിൽ കൂടി 5 ബോർഹോളുകൾ ആദ്യം എടുക്കുകയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം ജിയോളജിക്കൽ മാപ്പിംഗിനുവേണ്ടി 10 അധിക ബോർഹോളുകൾ എടുത്തു. ജിയോളജിക്കൽ മാപ്പിംഗിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. എക്സ്പോസ് ചെയ്തിട്ടുള്ള പാറകളുടെ കാഠിന്യവും, തരവും മനസ്സിലാക്കൽ, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലത്തെ പാറകളുടെ ഘടന മനസ്സിലാക്കൽ, |

ചതുപ്പുനിലങ്ങളായി കാണപ്പെട്ട മേഖലകളിലെ പാറയുടെ ഘടനയും കാഠിന്യവും എന്നിവയാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയത്. ഈ മാസം അവസാനത്തോടുകൂടി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മാപ്പിംഗുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (സി) | അണക്കെട്ടിനായി പുതുതായി കണ്ടെത്തിയ സ്ഥലത്ത് ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | അണക്കെട്ടിനായി പുതുതായി കണ്ടെത്തിയ സ്ഥലത്ത് ആദ്യമെടുത്ത 5 ബോർഹോളിൽ നിന്നും എടുത്ത സാമ്പിളുകളുടെ കാഠിന്യം പരിശോധിച്ചു. തുടർന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം 10 അധികബോർഹോളുകൾ എടുത്തു. ജിയോളജിക്കൽ മാപ്പിംഗ് പൂർത്തിയാക്കി. ബോർഹോളുകളുടെ **permeability test** നടത്തുകയുണ്ടായി. ഈ ബോർഹോളുകളിൽനിന്നും ശേഖരിച്ച സാമ്പിളുകളുടെ **strength test** നടത്തേണ്ടതായിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മാപ്പിംഗുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഈ മാസം അവസാനത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70      09/02/2011-ൽ മറുപടിയ്ക്ക്

### കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻെറ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീമതി. ജെ. അരുന്ധതി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻെറ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസിലെ പ്രൊഫസർ എന്നിവ അംഗങ്ങളായ ഒരു ഡയറക്ടർ ബോർഡ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻെറ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയും കോർപ്പറേഷന് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലും കോർപ്പറേഷൻെറ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മരുന്ന്, ചികിത്സാ ഉപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിനായി കോർപ്പറേഷന് സർക്കാർ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മരുന്ന്, ചികിത്സാ ഉപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിന് കോർപ്പറേഷന് സർക്കാർ അനുവദിച്ചതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ബഡ്ജറ്റ് തുക (കോടിയിൽ) | ഗവൺമെന്റിൽനിന്ന് കിട്ടിയതുക (കോടിയിൽ) | മരുന്ന് വാങ്ങിയത് (കോടിയിൽ) |
|---|---|---|---|
| 2008-09 | 129.67 | 95.03 | 134.76 |
| 2009-10 | 130.00 | 130.00 | 159.85 |
| 2010-11 (2011 ജനുവരി വരെ) | 145.00 | 112.50 | 123.82 |
| ആകെ | 404.67 | 337.53 | 418.43 |

<u>ഉപകരണങ്ങൾ</u>

| വർഷം | ഗവൺമെന്റിൽ നിന്നും കിട്ടിയ തുക (കോടിയിൽ) | ഉപകരണങ്ങൾ വാങ്ങിയത് (കോടിയിൽ) |
|---|---|---|
| 2008-09 | 46.96 | - |
| 2009-10 | 44.92 | 34.49 |
| 2010-11 (2011 ജനുവരി വരെ) | 6.97 | 49.02 |
| ആകെ | 98.85 | 83.51 |

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളും, ചികിത്സാ സാമഗ്രികളും എത്തിക്കാൻ കഴിയുന്നുണ്ടോ;

(സി) ഉണ്ട്.
ഓരോ സാമ്പത്തിക വർഷത്തിലും ആരോഗ്യവകുപ്പിൻേറയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിൻേറയും കീഴിലുള്ള ആശുപത്രികൾക്ക് വേണ്ടി വരുന്ന മരുന്നുകളുടെയും ചികിത്സാ സാമഗ്രികളുടെയും ഇൻഡന്റുകൾ കോർപ്പറേഷൻ മുൻകൂട്ടി വാങ്ങി അതനുസരിച്ചുള്ള മരുന്നുകൾ ആവശ്യാനുസരണം ഒരു നിശ്ചിത ക്രമമനുസരിച്ച് നൽകി വരുന്നു. കോർപ്പറേഷൻ നിലവിൽ വന്ന ശേഷം ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) പേവിഷബാധയ്ക്കുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പേവിഷബാധ ചികിത്സയ്ക്ക് സൗകര്യമുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ആശുപത്രികളിൽ കാൻസർ, വൃക്കരോഗം എന്നിവയ്ക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ആരോഗ്യവകുപ്പ് ഡയറക്ടറുടെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ഇൻഡന്റുകൾ പ്രകാരം കാൻസർ വൃക്കരോഗം എന്നീ രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികളിൽ മരുന്ന്

ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ അവശ്യമരുന്നുകളുടെ ലിസ്റ്റിൽ കാൻസർ രോഗചികിത്സക്കുള്ള 18 ഇനം മരുന്നുകളും വൃക്കരോഗചികിത്സക്കുള്ള 4 ഇനം മരുന്നുകളും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷത്തിൽ കാൻസർ രോഗ ചികിത്സക്കുള്ള മരുന്നുകളുടെ എണ്ണം 39 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) മരുന്നുകൾ സംഭരിക്കുന്നതിന് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടി ക്രമം വിശദമാക്കുമോ?

(എഫ്) സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ച് തയ്യാറാക്കുന്ന അവശ്യമരുന്നുകളുടെയും ചികിത്സാസാമഗ്രികളുടേയും വാർഷിക ഇൻഡൻറുകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും കീഴിലുള്ള ആശുപത്രികളിൽ നിന്ന് ശേഖരിച്ച് അവ സംഭരിക്കുന്നതിനുള്ള വാർഷിക ടെൻഡറുകൾ ക്ഷണിച്ചാണ് മരുന്നുകൾ കോർപ്പറേഷൻ സംഭരിക്കുന്നത്. മരുന്ന് നിർമ്മാതാക്കളിൽ നിന്നും വിദേശത്ത് നിന്ന് നേരിട്ട് ഇറക്കുമതി ചെയ്യുന്നവരിൽ നിന്നും മാത്രമേ കോർപ്പറേഷൻ മരുന്ന് സംഭരിക്കുന്നുള്ളൂ. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നവയും നിയമാനുസൃത ലൈസൻസിൻെറ അടിസ്ഥാനത്തിൽ മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും ശിക്ഷണനടപടിക്ക് വിധേയമായിട്ടില്ലെന്നും ടെൻഡറിൽ പറയുന്ന അളവ് മരുന്ന് നിർമ്മിച്ച് നൽകാൻ കഴിവുള്ളതാണെന്നുമുള്ള രേഖ കൾ ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോളർ സാക്ഷ്യപ്പെടുത്തുകയും ഒരു ചാർട്ടേർഡ് അക്കൗണ്ടൻറ് സാക്ഷ്യപ്പെടുത്തിയ മുൻ മൂന്ന് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിൻെറയും ബാലൻസ് ഷീറ്റിൻെറയും യഥാസമയം ഇൻകം ടാക്സ് റിട്ടേനുകൾ സമർപ്പിച്ചിട്ടുണ്ട് എന്നതിൻെറയും രേഖകൾ ഹാജരാക്കണം. കോർപ്പറേഷൻ

സംഭരിക്കുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഓരോ ബാച്ച് മരുന്നുകളുടെയും സാമ്പിൾ കോർപ്പറേഷൻെറ എല്ലാ വെയർ ഹൗസുകളിൽ നിന്നും ശേഖരിച്ച് ഗുണമേന്മ പരിശോധനയ്ക്കായി കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ളതും രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള സർക്കാർ അംഗീകൃത ലാബുകളിൽ അയച്ച് പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിലും നിശ്ചിതനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ തിരുവനന്തപുരത്തെ സർക്കാർ ഡ്രഗ് ടെസ്റ്റിംഗ് ലാബ് അടക്കം മൂന്ന് ലാബുകളിൽ വീണ്ടും പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിലും നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും പേയ്മെൻറ് തടഞ്ഞു വയ്ക്കുകയും ചെയ്യുന്നു. ഒരു മരുന്നിൻെറ രണ്ടോ അധിലധികമോ ബാച്ചുകൾ ഗുണനിലവാരമില്ലാത്തവയെന്നു കണ്ടാൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഒരു സ്ഥാപനത്തിൻെറ ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ ആ സ്ഥാപനത്തെ തന്നെ കരിമ്പട്ടികയിൽപ്പെടുത്തുന്നു. കൂടാതെ മറ്റ് നടപടികൾ സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോളറെയും വിവരം അറിയിക്കുന്നു. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് കോർപ്പറേഷൻ മരുന്നും ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നത് ടെൻഡർ നടപടിക്രമങ്ങളുടെ ഓരോ ഘട്ടത്തിലെയും വിവരങ്ങൾ കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 71* 9.2.2011 ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ:<br>ശ്രീ: ആർ.സെൽവരാജ്:<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.എം. വിജയകുമാർ<br>(നിയമവും മരാമത്തുംപാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾമെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദർഘാസുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനും വെബ്സൈറ്റിൽ നിന്നും ആവശ്യക്കാർക്ക് ദർഘാസ് ഷെഡ്യൂളുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് പ്രവൃത്തികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാതലത്തിൽ നേരിട്ട് പരസ്യം ചെയ്യുന്നതിനും പരസ്യ കാലാവധി കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ തലംവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുകയും ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ചെയ്തു. |

പൊതുമരാമത്ത് പ്രവർത്തികളുടെ പുരോഗതി കാര്യക്ഷമമാക്കുന്നതിനായി ജനപ്രതിനിധികളടങ്ങുന്ന നിരീക്ഷണ സമിതികളും മാദ്ധ്യമ പ്രവർത്തകരുൾപ്പെടുന്ന ഉപദേശക സമിതിയും രൂപീകരിച്ചു. പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.. പൊതുജന പരാതികൾ അറിയിക്കുന്നതിനായി ഒരു കാൾ സെന്റർ പ്രവർത്തനക്ഷമമാക്കി. (ടോൾ ഫ്രീ നം.18004257771)

| | |
|---|---|
| (ബി) നിയമസഭാ സാമാജികരുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി, കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ചതിനുശേഷം പ്രവൃത്തികളുടെ കാര്യക്ഷമത മെച്ചപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ; | (സി) 90% പൂർത്തിയായി. |
| (ഡി) പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വകുപ്പിൽ സോഷ്യൽ ആഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) അഴിമതി തടയുന്നതിനായി നിലവിൽ വകുപ്പുതല വിജിലൻസ് വിഭാഗവും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും ശക്തമായ നടപടികൾ എടുത്തു വരുന്നു. പൊതുമരാമത്ത് വകുപ്പിൽ സബ് ഡിവിഷൻതലം വരെ കമ്പ്യൂട്ടർവൽക്കരണം |

ഡിവിഷൻതലം വരെ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി. പൊതുജനങ്ങളുടെ പരാതികൾ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ കാൾ സെന്റർ ആരംഭിച്ചു. അഴിമതി തടയുന്നതിന്റെ ഭാഗമായി സോഷ്യൽ ആഡിറ്റ് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

**1. ക്വാളിറ്റി കൺട്രോൾ/ പരിശോധനാ വിഭാഗം**

പൊതുമരാമത്ത് വകുപ്പിന്റെ ഇപ്പോൾ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവും ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തന ങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ആരംഭി ക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രാൾ/ പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

**2. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(കെ.എച്ച്.ആർ.ഐ)**

കെ.എച്ച്.ആർ.ഐ.യെ ഉന്നത നിലവാര മുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ്

ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.യുടെ കീഴിൽ കൊണ്ടുവരുന്നതാണ്. ഡി.ആർ. ഐ.ക്യു.വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

**3. വിജിലൻസ് വിംഗ്**

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

**4. ഇ-ടെണ്ടറും- ഇ- പേമെന്റും**

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യ തയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊരുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തി യാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72 9.02.2011—ൽ മറുപടിക്ക്

**ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. വാഹീദ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വർക്കല കഹാർ | | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയായ ജലനിധിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ; | (എ) | ലോകബാങ്കുമായുള്ള അവസാന ഘട്ട ചർച്ചകൾ നടന്നുവരികയാണ്. പദ്ധതിയുടെ അവലോകനം മാർച്ച് മാസത്തോടെ നടത്തുവാൻകഴിയുമെന്നും അതിനുശേഷം കരാർ ഒപ്പിടാൻകഴിയുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ തുടക്കമെന്ന നിലയിൽ കേരള സർക്കാർ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം നടത്തുവാൻ പദ്ധതി ഇട്ടിരിക്കുന്നത്; | (ബി) | ഇരുനൂറോളം ഗ്രാമപഞ്ചായത്തുകളിലാണ് ജലവിതരണം നടത്തുവാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) ഇതിനായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (സി) | 1000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഒന്നാം ഘട്ട പദ്ധതി പ്രവർത്തനത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് രണ്ടാം ഘട്ട പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്; | (ഡി) | ഗ്രാമപഞ്ചായത്തിന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകികൊണ്ടുള്ള മാറ്റങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ മാറ്റങ്ങളുടെ പട്ടിക പരിശോധിച്ചുവരുന്നു. |
| (ഇ) | ജലനിധി രണ്ടാം ഘട്ടത്തിൻെറ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഇ) | 2011 ൽ തുടങ്ങി 2016 ൽ അവസാനിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2016— ൽ പൂർത്തീകരിക്കാം എന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |
| (എഫ്) | രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിൻെറ ഭാഗമായി ആദ്യഘട്ടത്തിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (എഫ്) | ജില്ല തിരിച്ചുള്ള തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതിയിലേക്കുള്ള അദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ**

| നമ്പർ | ജില്ല | നം: | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | കാട്ടാക്കട |
| | | 2 | മണിക്കൽ |
| 2 | കൊല്ലം | 3 | തെക്കുംഭാഗം |
| | | 4 | മൈനാഗപ്പള്ളി |
| | | 5 | കുലശേഖരപുരം |
| 3 | പത്തനംതിട്ട | 6 | കുന്നത്താനം |
| | | 7 | റാന്നി |
| 4 | ആലപ്പുഴ | 8 | മാരാരിക്കുളം |
| | | 9 | പുന്നപ്ര നോർത്ത് |
| 5 | കോട്ടയം | 10 | കടപ്ളമറ്റം |
| | | 11 | മുത്തോലി |
| 6 | ഇടുക്കി | 12 | കൊന്നത്തടി |
| | | 13 | ഇടുക്കി—കഞ്ഞിക്കുഴി |
| 7 | എറണാകുളം | 14 | മഞ്ഞല്ലൂർ |
| | | 15 | കടുങ്ങല്ലൂർ |
| 8 | തൃശൂർ | 16 | എലവള്ളി |
| | | 17 | നടത്തറ |
| 9 | പാലക്കാട് | 18 | എലവഞ്ചേരി |
| | | 19 | പെരിങ്ങോട്ടുകുറിശ്ശി |
| 10 | മലപ്പുറം | 20 | കരുവാരക്കുണ്ട് |
| | | 21 | കുറ്റിപ്പുറം |
| 11 | കോഴിക്കോട് | 22 | താമരശ്ശേരി |
| | | 23 | ചെറുവണ്ണൂർ |
| 12 | കണ്ണൂർ | 24 | ഇരിക്കൂർ |
| | | 25 | ഉദയഗിരി |
| 13 | കാസർഗോഡ് | 26 | പുതിഗെ |
| | | 27 | പുല്ലൂർ—പെരിയ |
| | | 28 | പടന്ന |
| 14 | വയനാട് | 29 | തരിയോട് |
| | | 30 | നൂൽപ്പുഴ |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73 | 9.2.2011 ൽ മറുപടിക്ക് |

സംസ്ഥാനത്തെ കാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ അടൂർ പ്രകാശ്<br>ശ്രീ.കെ. അച്ചുതൻ | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ബോധവൽക്കരണം നടത്താനും എന്തൊക്കെ പുതിയ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ; | എ) | കാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് പുതിയ റേഡിയോ തെറാപ്പി മെഷീനുകൾ (ലീനിയർ ആക്സിലറേറ്റർ) സ്ഥാപിച്ചു. ഇത്തരം മെഷീനിൽ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സാ പ്ലാനിം ഗിനു വേണ്ടി പുതുതായി ഒരു ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആധുനിക സംവിധാനമായ ബ്ലഡ് ഇറാഡിയേറ്റർ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിച്ചു. കൂടുതൽ രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും, കിടത്തി ചികിത്സിക്കുന്നതിനുമായി 22 കോടി രൂപ ചെലവിൽ ഒരു പത്ത് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രോഗ പ്രതിരോധ പ്രവർത്തനത്തിനും, ബോധവൽക്കരണത്തിനുമായി പൊതു പരിപാടികളും, കാൻസർ നിർണ്ണയ ക്യാമ്പുകളും കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പാലക്കാട്, എറണാകുളം, പത്തനംതിട്ട, കൊല്ലം എന്നി ജില്ലകളിലെ ആർ.സി.സി.യുടെ കീഴിലുള്ള മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ മുഖാന്തിരം നടത്തിവരുന്നു. കാൻസർ രോഗികളുടെ സമഗ്രമായ വിവര ശേഖരണത്തിനായി എം.സി.സി, ഐ.സി. എം.ആറിന്റെ സഹകരണത്തോടെ കാൻസർ രജിസ്ട്രി തുടങ്ങാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ലിനിയർ അക്സിലറേറ്ററും, മജ്ജ മാറ്റിവയ്ക്കൽ സംവിധാനം, നിലവിലുള്ള ഓപ്പറേഷൻ തിയേറ്ററിൽ കൂടുതൽ ഉപകരണങ്ങളും സ്ഥാപിക്കാനുള്ള നടപടികൾ എം.സി.സി. യിൽ പുരോഗമിച്ചു വരുന്നു. ശാരിരിക ബുദ്ധിമുട്ടുള്ള കാൻസർ രോഗികളെ വീട്ടിൽചെന്ന് പരിശോധിക്കുന്നതിനും പരിചരിക്കുന്നതിനുമുള്ള ഹോം കെയർ സർവ്വീസ് പ്രവർത്തിച്ചു വരുന്നു. 125 രോഗികളെ കിടത്തി ചികിത്സിക്കാനായുള്ള ഇൻപേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മറ്റ് ആശുപത്രി കളിലെ ഡോക്ടർമാർക്കും രോഗികൾക്കും എം.സി.സി. യിലെ ഡോക്ടർമാരുമായി പ്രശ്ന ങ്ങൾ കൈകാര്യം ചെയ്യാനുള്ള ടെലി മെഡിസിൻ സംവിധാനവും നിലവിലുണ്ട്. എം.സി.സി. യുടെ സഹകരണത്തോടെ മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ വാർഡ് തുടങ്ങാനുള്ള ഒരു പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്. കണ്ണൂർ, കാസർ ഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ രോഗനിർണ്ണയ ക്യാംപുകൾ എം.സി.സി. നടത്തി വരുന്നുണ്ട്. |
| ബി | ഇതിന്റെ ഭാഗമായി തിരുവനന്തപുരം ആർ.സി.സി.യുടെ കമ്മ്യൂണിറ്റി ഓങ്കോളജി ഡിവിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്, | ബി | ഈ സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കാൻസർ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കാനായി സർക്കാർ 6,80,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയിൽ കാൻസർ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കാനായി 10,27,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെയും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| സി | ഈ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ സർക്കാർ / സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പു വരുത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | സി) യും | കാൻസർ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, അമല കാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ്, പ്രാദേശിക സംഘടനകൾ എന്നിവയുമായി പ്രാരംഭ |

| | | | |
|---|---|---|---|
| ഡി | എല്ലാ ജില്ലകളിലും കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞുവോ; | ഡി) യും | ചർച്ചകൾ നടത്തി കഴിഞ്ഞു. വിശദമായ ചർച്ചകൾക്കു ശേഷമേ വിദഗ് ധരുടെ സേവനം ലഭ്യമാക്കുന്നതിനും കാൻസർ രോഗ നിർണ്ണയത്തിനായി ജില്ലകൾ തോറും പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാനും സാധിക്കുകയുള്ളു. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ വാർഡ് മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ആരംഭിക്കുവാനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലാണ്. |
| ഇ) | ഇല്ലെങ്കിൽ ഇനിയും ഏതൊക്കെ ജില്ലകളിലാണ് ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ളത്; ഇത് എന്നു പൂർത്തിയാക്കാനാകും? | ഇ) | ആർ.സി.സി.ക്കും, എം.സി.സി.ക്കും പുറമേ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഗർഭാശയഗള കാൻസർ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്. സ്തനം, വായ് എന്നിവിടങ്ങളിലെ കാൻസർ നിർണ്ണയത്തിന് സർജൻ, ദന്തഡോക്ടർ എന്നിവർക്ക് സാധിക്കുന്നു. ആർ.സി.സി. യുടെ കീഴിലുള്ള എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലെ ഉപ കേന്ദ്രങ്ങളിലും എൻ.ബി.ആർ.ആർ. നീണ്ടകര, കോഴഞ്ചേരി, കൊല്ലം, പത്തനംതിട്ട, കണ്ണൂർ എന്നീ പെരിഫറൽ കേന്ദ്രങ്ങളിലും മുൻകൂർ കാൻസർ നിർണ്ണയ സൗകര്യമുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 74

09.02.2011 ൽ മറുപടിയ്ക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ വിലവർദ്ധനവ് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.ജോസഫ്.എം.പുതുശ്ശേരി | ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ജീവൻരക്ഷാ മരുന്നുകളുടെ വില അഭൂതപൂർവമായ രീതിയിൽ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;<br><br>(ബി)ഒരേ മരുന്നിനുതന്നെ വിവിധമരുന്നു കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നകാര്യം നിരീക്ഷിച്ചിട്ടുണ്ടോ; ഈ പ്രവണത ഫലപ്രദമായി തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) & (ബി) ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധനവും ഒരേ മരുന്നിനു ഔഷധനിർമ്മാതാക്കൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രഗവൺമെന്റിന്റെ Chemical .Fertilizers മന്ത്രാലയത്തിലെ Department of Pharmaceuticals ന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. സംസ്ഥാ നത്ത് ഈ രീതിയിൽ വിപണിയിലുള്ള മരുന്നുകളുടെ വിവരങ്ങൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയ്ക്ക് മാസാമാസം റിപ്പോർട്ട് ചെയ്യാറുണ്ട്. |
| (സി) ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധനവ് തടയാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ? | (സി)മരുന്നുകളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാനസർക്കാരിനില്ല. കേന്ദ്രസർക്കാരിന്റെ നിയന്ത്ര ണത്തിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി യാണ് വില നിയന്ത്രിക്കുന്നത്. സംസ്ഥാനസർക്കാരിന് സാദ്ധ്യമായ എല്ലാമാർഗ്ഗങ്ങളും അവലംബിച്ച് ജീവൻരക്ഷാ മരുന്ന് ഉൾപ്പെടെയുള്ള മരുന്നുകൾ ബി.പി.എല്ലിൽപ്പെട്ടവർക്ക് സൗജന്യമായും അല്ലാത്തവർക്ക് കുറഞ്ഞവില നിരക്കിലും ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 75 09-02-2011 - ൽ മറുപടിക്ക്

ലൈൻട്രാഫിക് സമ്പ്രദായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഹംസ:<br>ശ്രീ. ബി. ഡി.ദേവസ്സി :<br>ശ്രീ.ബാബു.എം.പാലിശ്ശേരി:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു : | | ശ്രീ.ജോസ് തെറ്റയിൽ<br>ബഹു:ഗതാഗതവകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാത എൻ.എച്ച്.47-ൽ അരൂർ മുതൽ ഇടപ്പള്ളിവരെയുള്ള ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ ലെയ്ൻ ട്രാഫിക് സമ്പ്രദായം നടപ്പിലാക്കിവരുന്നു. |
| (ബി) | ലൈൻട്രാഫിക് സമ്പ്രദായം ലംഘിക്കുന്ന ഡ്രൈവർമാർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ലെയ്ൻട്രാഫിക് സംവിധാനം ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമം 184 അനുസരിച്ച് നടപടി എടുക്കാവുന്നതാണ്. |
| (സി) | ദേശീയ പാതകളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ ലൈൻട്രാഫിക് സമ്പ്രദായം പര്യാപ്തമാണോ; | (സി) | ഇപ്പോൾ പര്യാപ്തമല്ല. |
| (ഡി) | എങ്കിൽ സംസ്ഥാനത്തെ ദേശീയപാതകളിലെല്ലാം ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ ദേശീയപാതകളിലെല്ലാം ലെയ്ൻ ട്രാഫിക് സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ വീതി റോഡുകൾക്കില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.76 | 09 -02 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ജെറിയാട്രിക് വാർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. സി.കെ.പി. പത്മനാഭൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ സ്ഥാപനങ്ങളിൽ വൃദ്ധർക്ക് ആരോഗ്യ പരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | ആരോഗ്യ വകുപ്പിനു കീഴിൽ ജില്ലയിലെ പ്രധാന ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈ സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബെഡ്ഡുകൾ നീക്കിവെച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ഒ.പി.യിലെത്തുന്ന വൃദ്ധജനങ്ങൾക്ക് അധികം ക്യൂ നിൽക്കാതെ മുൻഗണന നൽകി ഡോക്ടർമാരെ കാണാനുള്ള സംവിധാനം, അവർക്ക് പ്രത്യേക ഇരിപ്പിട സൗകര്യം, അവശനിലയിലുള്ളവർക്ക് പിടിച്ചുനടക്കാൻ കൈവരി, കുടിവെള്ളം, പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഔട്ട് പേഷ്യൻറ് വിഭാഗം, വാർഡുകൾ, ഫാർമസി കൗണ്ടറുകൾ എന്നിവിടങ്ങളിൽ വൃദ്ധജനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. ഈ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ വൃദ്ധജനങ്ങൾക്ക് ക്യൂ നിൽക്കാതെ തന്നെ ഡോക്ടറെ കാണാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട് ; | (ബി) | ആരോഗ്യ വകുപ്പിനുകീഴിൽ ജെറിയാട്രിക് വാർഡുകൾ പ്രവർത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക് കോഴ്സുകളുടെ ആരംഭിക്കുന്നതോടെ ജെറിയാട്രിക് വാർഡുകൾ പ്രവർത്തനമാരംഭിക്കുവാൻ കഴിയും. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും ഭാരതീയ ചികിത്സാ വകുപ്പിനും ഹോമിയോപ്പതി |

| | | | |
|---|---|---|---|
| | | | വകുപ്പിനും കീഴിലുള്ള ആശുപത്രികളിലും ഗവൺമെൻറ് ഹോമിയോപ്പതി മെഡിക്കൽ കോളേജു കളിലും ചികിത്സയ്ക്കായി എത്തുന്ന വൃദ്ധ ജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (സി) | ഈ വാർഡുകളിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമാണ് ; | (സി) | ജെറിയാട്രിക് വാർഡുകളിൽ പ്രായമായവർ ക്കുവേണ്ടി പ്രത്യേക കിടക്കകൾ, ചെറിയ അലമാര, പ്രത്യേകതരം ടോയ്ലറ്റ് തുടങ്ങിയവ എൻ.ആർ.എച്ച്.എം. ഫണ്ടുപ യോഗിച്ച് നൽകുവാൻ തീരുമാന മെടുത്തിട്ടുണ്ട്. |
| (ഡി) | ഇത്തരം രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള ആശുപത്രി കളിൽ ബി.പി.എല്ലിൽപെട്ട വൃദ്ധരുൾപ്പെടെ യുള്ള എല്ലാ രോഗികൾക്കും സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നു. ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള ആശുപത്രികളിലും ഗവൺമെൻറ് ഹോമിയോപ്പതി മെഡിക്കൽ കോളേജിലും ചികിത്സയ്ക്ക് എത്തുന്ന എല്ലാ രോഗികൾക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്തുവരുന്നു. |
| (ഇ) | എല്ലാ പ്രധാന ആശുപത്രികളിലും പി.എച്ച്.സികളിലും ഇത്തരം വാർഡുകൾ സജ്ജീകരിക്കുമോ ; | (ഇ) | ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ ജില്ലാ / ജനറൽ ആശുപത്രികളിലും (ഓരോ ജില്ലയിൽനിന്നും ഒരു ആശുപത്രി എങ്കിലും) വൃദ്ധർക്ക് വേണ്ടി 10 കിടക്കകളുള്ള ഒരു വാർഡ് തുടങ്ങുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | ജെറിയാട്രിക് വാർഡുകളുടെ പ്രവർത്തനത്തിനായി പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുമോ ? | (എഫ്) | നടപ്പു സാമ്പത്തിക വർഷത്തിൽ പ്ളാൻ ഇനത്തിൽ 40 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്. തിരുവനന്തപുരം ആയുർവേദ കോളേജിൽ നാഷണൽ ആയുർവേദിക് ജെറിയാട്രിക് സെൻറർ സ്ഥാപിക്കുന്ന തിനുവേണ്ടി ആയുഷിൽ (കേന്ദ്ര സർക്കാർ) നിന്നും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| ജില്ല | ആശുപത്രി |
|---|---|
| തിരുവനന്തപുരം | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം |
| കൊല്ലം | സി.എച്ച്.സി. വെളിനല്ലൂർ, കൊല്ലം |
| പത്തനംതിട്ട | ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി അടൂർ, ജില്ലാ ആശുപത്രി കോഴഞ്ചേരി, താലൂക്ക് ആശുപത്രി, റാന്നി. |
| ആലപ്പുഴ | താലൂക്ക് ആശുപത്രി, ചേർത്തല |
| കോട്ടയം | ജില്ലാ ആശുപത്രി, കോട്ടയം, ജനറൽ ആശുപത്രി പാലാ, താലൂക്ക് ആശുപത്രി പാമ്പാടി, താലൂക്ക് ആശുപത്രി, കാഞ്ഞിരപ്പള്ളി, താലൂക്ക് ആശുപത്രി,ചങ്ങനാശ്ശേരി, താലൂക്ക് ആശുപത്രി, വൈക്കം. |
| എറണാകുളം | ജനറൽ ആശുപത്രി എറണാകുളം, താലൂക്ക് ആശുപത്രി ആലുവ |
| മലപ്പുറം | തിരൂരങ്ങാടി താലൂക്ക് ആശുപത്രി |
| കോഴിക്കോട് | സി.എച്ച്.സി.മേലടി, സി.എച്ച്.സി. ഓർക്കാട്ടേരി. |

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.77

9.2.2011ൽ മറുപടിയ്ക്ക്

ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ:
ശ്രീ.എം.പ്രകാശൻ മാസ്റ്റർ:
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:
ശ്രീ.കെ.സി.കുഞ്ഞിരാമൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശിശുക്കളുടെ ക്ഷേമത്തിനായി ശിശുക്ഷേമ സമിതി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ശിശുക്ഷേമ സമിതി ശിശുക്കളുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരത്ത് ദത്തെടുക്കൽ കേന്ദ്രവും ശിശു പരിപാലന കേന്ദ്രവും പ്രവർത്തിക്കുന്നു.<br>2. മലപ്പുറത്ത് ശിശുപരിപാലന കേന്ദ്രം.<br>3. കുട്ടികൾക്കും മുതിർന്നവർക്കുമായി കൗൺസിലിംഗ് കേന്ദ്രം<br>4. ഇന്ത്യയിലെ തന്നെ അനവധി പാവകളുടെ ശേഖരമുള്ള ചാച്ചാ നെഹ്റു ചിൽഡ്രൻസ് മ്യൂസിയം.<br>5. എല്ലാ ജില്ലകളിലുമായി 260 ക്രഷുകൾ പ്രവർത്തിക്കുന്നു.<br>6. ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി വിവിധ ജില്ലകളിൽ പതിമൂന്ന് അമ്മത്തൊട്ടിൽ സ്ഥാപിച്ചു.<br>7. തൃശ്ശൂരിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി ഓട്ടിസം സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ചു.<br>8. കുട്ടികൾക്കുള്ള ധീരതാ അവാർഡ് |

| | | | |
|---|---|---|---|
| | | | വിതരണം, ചിത്രരചനാ മൽസരം, സഹവാസ ക്യാമ്പുകൾ, ചലച്ചിത്ര ആസ്വാദനം പഠന ക്യാമ്പ്, എല്ലാ വർഷവും ശിശുദിന ആഘോഷപരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.<br>9. പത്ത് അങ്കണവാടി ടീച്ചർ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു.<br>10. നാല് ചൈൽഡ് കെയർ വർക്കേഴ്സ് ട്രെയിനിംഗ് സെൻററുകൾ സ്ഥാപിച്ചു.<br>11. കേരള യൂണിവേഴ്സിറ്റിയും സമിതിയും സംയുക്തമായി നടത്തുന്ന പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറർ സ്ഥാപിച്ചു.<br>12. ശിശുക്ഷേമ മാസിക, പാവപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം, കുട്ടികൾക്കും മുതിർന്നവർക്കുമായി 16000 പുസ്തകങ്ങൾ ഉള്ള ലൈബ്രറി എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സ്വീകരിക്കുന്നതിനായി സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ ' അമ്മത്തൊട്ടിൽ ' സ്ഥാപിച്ചിട്ടുണ്ട്; എല്ലാ ജില്ലാ ആശുപത്രികൾക്ക് സമീപവും അമ്മത്തൊട്ടിൽ സ്ഥാപിക്കുമോ; | (ബി) | ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി സംസ്ഥാനത്തെ 12 ജില്ലകളിലായി കേരള സംസ്ഥാന ശിശുക്ഷേമ സമിതി 13 അമ്മത്തൊട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും ആലപ്പുഴയിലും വനിതാ ശിശു ആശുപത്രിയോടനുബന്ധിച്ചാണ് അമ്മത്തൊട്ടിലുകൾ സ്ഥാപിച്ചിട്ടുള്ളത്. 10 അമ്മത്തൊട്ടിലുകൾ ജില്ലാ ആശുപത്രികൾക്ക് സമീപമാണ്. കോഴിക്കോടും എറണാകുളത്തും അമ്മത്തൊട്ടിലിൻെറ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ കാഞ്ഞിരപ്പള്ളിയിലുള്ള ശിശുക്ഷേമ ഭവൻ എന്ന ദത്തെടുക്കൽ കേന്ദ്രത്തിൻെറ നേതൃത്വത്തിൽ 4 അമ്മത്തൊട്ടിലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 17 അമ്മത്തൊട്ടിലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; | (സി) | സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ സർവ്വോന്മുഖമായ ഉന്നമനത്തിനായാണ് കേന്ദ്ര സഹായത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ടി പദ്ധതിയിൽ (ICPS) മേൽപ്പറഞ്ഞ തരത്തിലുള്ള കുട്ടികൾക്കായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>1. ചിൽഡ്രൻസ് ഹോം - 7<br>2. സ്പെഷ്യൽ ഹോം-2<br>3. ഒബ്സർവേഷൻ ഹോം - 14<br><br>ടി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം, വസ്ത്രം, മരുന്ന്, വിദ്യാഭ്യാസം തുടങ്ങി ഒരു കുടുംബത്തിൽ കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ, മികവ് പുലർത്തുന്നവർക്ക് റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് ഗുണനിലവാരമുള്ള എഡ്യൂക്കേഷൻ എന്നിവ നൽകുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസം നൽകുന്ന സ്ഥാപനത്തിൽ നിന്നും 18 വയസ്സ് പൂർത്തിയായി വിടുതൽ ചെയ്യപ്പെടുന്ന കുട്ടികൾക്ക് തുടർ പഠന പദ്ധതി പ്രകാരം വിദ്യാഭ്യാസത്തിന് ധനസഹായം നൽകി വരുന്നുണ്ട്. കുട്ടികളുടെ കലാപരമായ കഴിവുകൾ |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനായി എല്ലാ വർഷവും സംസ്ഥാനത്തെ എല്ലാ ചിൽഡ്രൻസ് ഹോമുകളിലും ബാലമേളയും സംസ്ഥാന തലത്തിൽ " ജുവനൈൽ ഫെസ്റ്റും " നടത്തുന്നുണ്ട്. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ സാഹിത്യ രചനാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി എല്ലാ വർഷവും ലിറ്റററി ക്യാമ്പ് സംഘടിപ്പിച്ച് വരുന്നു. കൂടാതെ എക്സ്കർഷൻ, എക്സിബിഷൻ എന്നിവയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നു.<br>ബാലഭിക്ഷാടനം, ബാലവേല എന്നിവ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇത്തരം സാമൂഹിക വിപത്തുകൾ സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനായി ബാലനീതി നിയമം 2000 പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ ഉൾപ്പെടുത്തിയ പോസ്റ്ററുകൾ, ബുക്ക്ലെറ്റുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി നടപടികൾ എടുത്തു.<br>അനാഥരായ കുട്ടികളെ നിയമപരമായി ദത്ത് നൽകുന്നതിനായി സംസ്ഥാനത്ത് 15 സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളിൽ 3 എണ്ണത്തിന് കേന്ദ്ര ധനസഹായം ലഭിക്കുന്നുണ്ട്. കേരളത്തിലെ അഡോപ്ഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എറണാകുളം കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് ആസ്ഥാനമായി ഒരു അഡോപ്ഷൻ കോ ഓർഡിനേറ്റിംഗ് ഏജൻസി പ്രവർത്തിക്കുന്നുണ്ട്. |

<table>
<tr>
<td></td>
<td></td>
<td></td>
<td>" ശ്രദ്ധയും സംരക്ഷണവും " ആവശ്യമുള്ള വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും "ചൈൽഡ് വെൽഫെയർ കമ്മിറ്റികളും " നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ' ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ' രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.<br>ICPS പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ വിഹിതമായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>വർഷം</th><th>കേന്ദ്ര ധന സഹായം (രൂപയിൽ)</th></tr>
<tr><td>1.</td><td>2009 -10</td><td>1,49,15,627/-</td></tr>
<tr><td>2.</td><td>2010-11</td><td>3,20,21,000/-</td></tr>
<tr><td></td><td>ആകെ</td><td>4,69,36,627/ -</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?</td>
<td>(ഡി)</td>
<td>ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സ്വീകരിക്കുന്നതിനായി ആകെ 13 അമ്മത്തൊട്ടിലുകൾ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചു. രണ്ടെണ്ണത്തിന്റെ പണി പുരോഗമിച്ച് വരുന്നു.<br>2. നിയമപരമായ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളെക്കുറിച്ച് ദൂരദർശൻ മുഖേന സ്ക്രോളിംഗ് ക്യാപ്ഷനും സ്പോട്ട് ഫിലിമും വഴി പരസ്യം നൽകി.</td>
</tr>
</table>

| | | | |
|---|---|---|---|
| | | | 3. നിയമപരമായ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് 5 പ്രമുഖ പത്രങ്ങളിൽ 1/2 പേജ് പരസ്യം നൽകി.<br>4. ദത്തെടുക്കലിനെക്കുറിച്ച് ലഘുലേഖ പ്രസിദ്ധീകരിച്ചു.<br>5. സംസ്ഥാനത്ത് അംഗീകൃത അഡോപ്ഷൻ നടത്തുന്നതിനായി 15 അഡോപ്ഷൻ ഏജൻസികൾ പ്രവർത്തിക്കുന്നു. ഇതിൽ 5 എണ്ണത്തിന് വിദേശത്ത് ദത്ത് നൽകുവാനുള്ള ലൈസൻസും ഉണ്ട്.<br>6. ദത്തെടുക്കലിനെക്കുറിച്ചും സനാഥ ബാല്യം പദ്ധതിയെക്കുറിച്ചും ബോധവൽക്കരണ സെമിനാറുകൾ ജില്ലാതലത്തിൽ ജില്ലാസാമൂഹ്യക്ഷേമ ആഫീസർമാരുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.<br>7. കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ ദത്ത് എടുക്കപ്പെട്ട കുട്ടികളുടേയും കുടുംബാംഗങ്ങളുടേയും വാർഷിക സംഗമം നടത്തി വരുന്നുണ്ട്. അതിന് സാമ്പത്തിക സഹായവും സഹകരണവും നൽകി വരുന്നു.<br>8. ദത്തെടുക്കുന്ന കുടുംബത്തിലെ മാതാവിന് 180 ദിവസം ചൈൽഡ് അഡോപ്ഷൻ അവധിയും പിതാവിന് 15 ദിവസം paternity ലീവും അനുവദിച്ചു.<br>9. ദത്തെടുക്കപ്പെട്ട കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി ക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു.<br>10. ഉപേക്ഷിക്കപ്പെട്ട കുട്ടികളെ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ ആയി പ്രഖ്യാപിക്കുന്നതിന് അധികാരപ്പെട്ട |

| | | | |
|---|---|---|---|
| | | | ചൈൽഡ് വെൽഫെയർ കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചു.<br>11. സംസ്ഥാനത്ത് അഡോപ്ഷൻ കാര്യങ്ങൾക്ക് വേണ്ട ബോധവൽക്കരണം പ്രോൽസാഹനം എന്നിവ നടത്തുന്നതിന് എറണാകുളം രാജഗിരി കോളേജ് ആസ്ഥാനമായി ഒരു അഡോപ്ഷൻ കോ ഓർഡിനേറ്റിംഗ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്.<br>12. സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സംസ്ഥാന തല അഡോപ്ഷൻ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

R. Vijayal

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ *78 09.02.2011 ൽ മറുപടിക്ക്

## അരുവിക്കര ഡാമിൻെറ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി കാർത്തികേയൻ<br>ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. എം. മുരളി | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തതിനെത്തുടർന്ന് സംസ്ഥാനത്തെ കുടിനീർ ലഭ്യത ഉറപ്പുവരുത്താൻ അരുവിക്കര ഡാമിൻെറ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>ബി ഇതിനായി ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ പൂർത്തീകരിക്കാനുള്ളത് ; | എ & ബി<br>അരുവിക്കരഡാമിൻെറ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനു നടപടി കളൊന്നും സ്വീകരിച്ചിട്ടില്ല. വേനൽ ക്കാലങ്ങളിൽ പേപ്പാറ ഡാമിൽ നിന്ന് അരുവിക്കരയിൽ ജലമെത്തി ച്ചാണ് വിതരണം നടത്തുന്നത്. പേപ്പാറ ഡാമിൻെറ സംഭരണശേഷി 6 മീററർ കൂടി ഉയർത്തുന്നതി നുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| സി അരുവിക്കര ഡാമിനോടു ചേർന്നുള്ള സംഭരണ പ്രദേശങ്ങളുടെ ആഴംകൂട്ടി ജലം സംഭരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 79* 9.2.2011 ൽ മറുപടിക്ക്

**മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ.എം. വിജയകുമാർ<br>(നിയമവും മരാമത്തുംപാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് പണികളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനും പണികളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടു ത്തുമോ ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദർഘാസ് ക്ഷണിക്കുന്നത് പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനും വെബ്സൈറ്റിൽ നിന്നും ആവശ്യക്കാർക്ക് ദർഘാസ് ഷെഡ്യൂളുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് പ്രവൃത്തികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിൽ പത്രമാദ്ധ്യമങ്ങൾക്ക് നേരിട്ട് പരസ്യം നൽകുന്നതിനും ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ തലംവരെ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കുകയും റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി. പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.. പൊതുജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഒരു കാൾ സെന്റർ (ടോൾ ഫ്രീ നം.18004257771) രൂപീകരിച്ചു. |

| | |
|---|---|
| (ബി) മരാമത്ത് പണികൾ കൂടുതൽ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ടെണ്ടർ ഷെഡ്യൂളുകൾ പൊതുമരാമത്ത് വകുപ്പ് വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്തു എടുക്കാവുന്ന സംവിധാനം നടപ്പാക്കി. പൊതു ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ **(18004257771)** സഹിതം പരാതി പരിഹാരസെൽ രൂപീകരിക്കുകയുണ്ടായി. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ജന പ്രതിനിധികൾ ഉൾക്കൊള്ളുന്ന നിരീക്ഷണ സമിതികളും മാദ്ധ്യമ പ്രവർത്തകർ ഉൾപ്പെടുന്ന ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. വകുപ്പിൽ സോഷ്യൽ ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>**1. ക്വാളിറ്റി കൺട്രോൾ/ പരിശോധനാ വിഭാഗം**<br>പൊതുമരാമത്ത് വകുപ്പിന്റെ ഇപ്പോൾ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവും ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ആരംഭിക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രോൾ/ പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതാണ്. |

**2. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ)**

കെ.എച്ച്.ആർ.ഐ.യെ ഉന്നത നിലവാര മുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.യുടെ കീഴിൽ കൊണ്ടുവരുന്നതാണ്. ഡി.ആർ. ഐ.ക്യു.വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

**3. വിജിലൻസ് വിംഗ്**

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

**4. ഇ-ടെണ്ടറും- ഇ- പേമെന്റും**

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 80* | 9.2.2011 ൽ മറുപടിക്ക്

## ടോൾ പിരിവ്

**ചോദ്യം**
ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. രാജാജി മാത്യൂ തോമസ്:
ശ്രീ.എ.കെ. ചന്ദ്രൻ
ശ്രീ.ബാബു പോൾ

(എ) സംസ്ഥാനത്ത് ടോൾ പിരിവ് പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**
ശ്രീ.എം. വിജയകുമാർ
(നിയമവും മരാമത്തുംപാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി)

(എ) ഉണ്ട്. 3 കോടി രൂപവരെ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. 1976 ലെ കേരളാ ടോൾ ആക്ടിൽ ഇതിനുവേണ്ട ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 10 കോടി രൂപവരെ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളിൽ 15 വർഷംവരെയും 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങളിൽ 20 വർഷംവരെയും ടോൾ പിരിച്ചാൽ മതിയെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ദേശീയ പാതയിൽ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ, നിലവിലുള്ള കേന്ദ്ര നിയമാവലി പ്രകാരം, പാലങ്ങളുടെ ടോൾ പിരിവ് കാലാപരിധി ബാധകമല്ല.

(ബി) സംസ്ഥാനത്ത് എത്രയിടങ്ങളിൽ ടോൾ പിരിവ് നടക്കുന്നുണ്ട്. ഇവിടങ്ങളിൽ ടോൾ പിരിവ് തുടങ്ങിയിട്ട് എത്രകാലം വീതമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ബി) നിലവിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 100 പാലങ്ങളിലും ആർ.ബി.ഡി.സി.കെ നിർമ്മിച്ച 9 പാലങ്ങളിലും ദേശീയപാതയിൽപ്പെട്ട 8 പാലങ്ങളിലും (ആകെ 117) ടോൾ പിരിവ് നടക്കുന്നുണ്ട്. ടോൾ പിരിക്കുന്ന പാലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ടോൾ പിരിവ് പരിമിതപ്പെടുത്തിയാൽ എത്രയിടങ്ങളിൽ ടോൾ പിരിവ് ഒഴിവാകും; പരിമിതപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(സി) 68 പാലങ്ങൾ ടോൾ പിരിവിൽ നിന്ന് ഒഴിവാകും. ഇതിനുള്ള മാനദണ്ഡങ്ങൾ ചോദ്യത്തിന്റെ (എ) ഭാഗത്തിനുള്ള ഉത്തരത്തിൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## ദേശീയപാതാവിഭാഗം

**എൻ.എച്ച് -17**

1. കോട്ടപ്പുറം - 26.4.1986
2. ചേറ്റുവ - 13.9.1986
3. വരാപ്പുഴ - 16.1.2001
4. അറപ്പുഴ - 7.6.2002

**എൻ.എച്ച്.-47**

5. അരൂർ - പനങ്ങാട് 6.6.1987
6. ആക്കുളം - 25.2.2004
7. അമരവിള - 5.1.2005

**എൻ.എച്ച്- 47 (എ)**

8. കുണ്ടന്നൂർ - 4.1.2000

**ആർ.ബി.ഡി.സി.കെ. ടോൾ പിരിക്കുന്ന പാലങ്ങൾ**

1. എസ്സ് എൻ. ജംഗ്ഷൻ, ഇരുമ്പനം (എറണാകുളം) - 9.3.2005
   എയർപ്പോർട്ട് സീപ്പോർട്ട് റോഡ്
2. പുലമന്തോൾ, പാലക്കാട് - 9.9.2005
3. വിക്ടോറിയ കോളേജ്, പാലക്കാട് - 18.1.2009
4. മുഴപ്പിലങ്ങാട്, കണ്ണൂർ - 12.6.2009
5. നന്തി. കോഴിക്കോട് - 2.2.2010
6. പുല്ലേപ്പടി - 7.6.2010
7. കടുക്കാംകുന്ന് - 8.6.2010
8. അത്താണി - 14.9.2010
9. ബേക്കൽ - 17.12.2010

Section Officer

| DETAILES OF TOLLING BRIDGES | | | | | | |
|---|---|---|---|---|---|---|
| Sl.No. | Division | Name of Bridges from which Toll is being collected | District | Expenditure incurred for construction of the Bridge | Date of starting of Toll | Remarks |
| 1 | **Trivandrum** | Pirayumoodu | Trivandrum | 154.25 | 2003 | |
| 2 | Trivandrum | Maruthoor Kadavu | Trivandrum | 103.48 | 2000 | |
| 3 | Trivandrum | Vizhinjam-Chappath | Trivandrum | 132.00 | 2007 | Toll notification published.Collection not started due to public protest. |
| 4 | **Kollam** | Malummel | Kollam | 192.00 | 29/5/2002 | |
| 5 | **Alappuzha** | Mithrapuzha Kadavu | Alappuzha | 165.00 | 15/10/2000 | |
| 6 | Alappuzha | Kainadi | Alappuzha | 218.15 | 7/2004 | |
| 7 | Alappuzha | Kurisumoodu | Alappuzha | 221.83 | 2/2005 | |
| 8 | Alappuzha | Aroor-Arookutty | Alappuzha | 1300.00 | 8/2002 | |
| 9 | Alappuzha | Takazhi | Alappuzha | 720.00 | 9/9/2008 | |
| 10 | **Kottayam** | Kaipuzhamoottu | Kottayam | 185.00 | 5/4/2003 | |
| 11 | Kottayam | Kulappurakadavu | Kottayam | 138.65 | 4/1996 | |
| 12 | Kottayam | Murinjapuzha | Kottayam | 1066.00 | 15/1/2011 | |
| 13 | **Pathanamthitta** | Ambalkadavu | Pathanamthitta | 200.00 | 1/8/2002 | |
| 14 | Pathanamthitta | Parakadavu | Pathanamthitta | 138.39 | 1/8/2000 | |
| 15 | Pathanamthitta | Banglaw kadavu | Pathanamthitta | 363.38 | 16/4/2007 | |
| 16 | **Eranakulam** | Kolenjeri kadavu | Eranakulam | 210.77 | 10/5/1998 | |
| 17 | Eranakulam | Kumbalangi | Eranakulam | 100.00 | 15/7/2000 | |
| 18 | **Muvattupuzha** | Peruvaamoozhy | Eranakulam | 659.61 | 1/2/2002 | |
| 19 | Muvattupuzha | Palakkattuthazham | Eranakulam | 196.23 | | Toll notification published.Collection not started due to public protest. |
| 20 | Muvattupuzha | Thattekadu | Eranakulam | 635.80 | | Toll notification published.Collection not started due to public protest. |
| 21 | Muvattupuzha | Muvattupuzha Chalikkadavu | Eranakulam | 499.61 | | Toll notification published. Arrangements made for toll collction. |
| | **Idukki** | Nil | Idukki | Nil | Nil | |
| 22 | **Thrissur** | Karavannoor | Thrissur | 253.26 | 28/11/2005 | |

| | | | | | | |
|---|---|---|---|---|---|---|
| 23 | Thrissur | Mathilakom | Thrissur | 671.07 | 1/7/2005 | |
| 24 | Thrissur | Njaralakadavu | Thrissur | 411.20 | 10/9/2002 | |
| 25 | Thrissur | Pulikka kadavu across chalakudy river | Thrissur | 547.15 | 25/3/2004 | |
| 26 | Thrissur | Thachipilly | Thrissur | 395.95 | 8/12/2000 | |
| 27 | Thrissur | Pulikka kadavu across Canoly canal | Thrissur | 1112.34 | 5/7/2003 | |
| 28 | Thrissur | Poovathum Kadavu | Thrissur | 1333.37 | 4/7/2003 | |
| 29 | Thrissur | Kochi Paalam | Thrissur | 1195.48 | 27/1/2003 | |
| 30 | Thrissur | Krishnan kotta | Thrissur | 1184.96 | 3/2009 | |
| 31 | Thrissur | Valayamthodu | Thrissur | 195.67 | 31/3/2010 | |
| 32 | Thrissur | Karanchira | Thrissur | 213.18 | 20/4/2009 | |
| 33 | Thrissur | Valakkavu | Thrissur | 191.51 | 18/5/2009 | |
| 34 | Thrissur | Pokkulangara | Thrissur | 183.81 | 31/3/2010 | |
| 35 | Manjeri | Karimpuzha | Malappuram | 465.30 | 21/1/2000 | |
| 36 | Manjeri | Amarambalam | Malappuram | 229.00 | 25/6/1998 | |
| 37 | Manjeri | Mayilaady | Malappuram | 171.10 | 24/4/1994 | Toll collection stopped |
| 38 | Manjeri | Edavannakadavu | Malappuram | 265.65 | 25/2/1996 | |
| 39 | Manjeri | Ettirikadavu/Paravanna | Malappuram | 140/241.99 | 23/1998 | |
| 40 | Manjeri | Olippram kadavu | Malappuram | 180.00 | 23/11/1998 | |
| 41 | Manjeri | Kuzhippuram kadavu | Malappuram | 254.00 | 9/8/2000 | |
| 42 | Manjeri | Paanakkad | Malappuram | 132.00 | 1/4/2002 | |
| 43 | Manjeri | Kuthirapuzha | Malappuram | 257.00 | 9/3/2004 | |
| 44 | Manjeri | Srail kadavu | Malappuram | 354.74 | 1/12/2005 | |
| 45 | Manjeri | Panampuzha kadavu | Malappuram | 627.70 | 8/3/2006 | |
| 46 | Manjeri | Kundam kadavu | Malappuram | 297.00 | 10/10/2008 | |
| 47 | Manjeri | Kaavil mumbil kadavu | Malappuram | 175.00 | 10/10/2008 | |
| 48 | Manjeri | Kadalundi kadavu | Malappuram | 1714.00 | 10/10/2008 | |
| 49 | Manjeri | Chittathupaara | Malappuram | 211.96 | 1/6/2008 | |
| 50 | Manjeri | Kadungalloor | Malappuram | 250.68 | 1/8/2009 | |
| 51 | Manjeri | Edasserikadavu | Malappuram | 500.00 | 1/2/2010 | |
| 52 | Manjeri | Ambalakadavu | Malappuram | 200.00 | 1/2/2010 | |
| 53 | Manjeri | Karuvarakundu | Malappuram | 200.00 | 1/2/2010 | |
| 54 | Palakkad | Bridge on Menonpara-Chullimada Rd | Palakkad | 153.34 | 10/6/2003 | |
| 55 | Palakkad | Herburt | Palakkad | 116.00 | 4/8/2002 | |
| 56 | Palakkad | Kaalikavu | Palakkad | 500.00 | 5/3/2004 | |

| | | | | | | |
|---|---|---|---|---|---|---|
| 57 | Palakkad | Mukkannan Kadavu | Palakkad | 175.48 | 1/3/2004 | |
| 58 | Palakkad | Chittopuram | Palakkad | 123.63 | 11/1/2006 | |
| 59 | **Kozhikode** | Eranjikkal | Kozhikode | 177.28 | 24/3/2000 | |
| 60 | Kozhikode | Edavazhikkadavu | Kozhikode | 193.95 | 28/5/1999 | |
| 61 | Kozhikode | Kurungottukadavu | Kozhikode | 101.37 | 5/6/1998 | |
| 62 | Kozhikode | Nellaamkandi | Kozhikode | 175.14 | 6/2/2005 | |
| 63 | Kozhikode | Thambalamanna | Kozhikode | 161.36 | 20/8/2006 | |
| 64 | Kozhikode | Agashtyan moozhi | Kozhikode | 215.01 | 8/12/2002 | |
| 65 | Kozhikode | Nellyadi Kadavu | Kozhikode | 335.00 | 3/1/2000 | |
| 66 | Kozhikode | Attakkundu Kadavu | Kozhikode | 203.88 | 2/6/1998 | |
| 67 | Kozhikode | Kayaloltuthazham | Kozhikode | 132.00 | 24/6/2009 | |
| 68 | Kozhikode | Karuvanthuruthi | Kozhikode | 439.00 | | Toll notification published. Arrangements made for toll collction. |
| 69 | Kozhikode | Thekkedathukadavu | Kozhikode | 176.00 | | Toll notification published.Collection not started due to public protest |
| 70 | Kozhikode | Kallamparakadavu | Kozhikode | 309.00 | | Toll notification published.Collection not started due to public protest |
| 71 | Kozhikode | Kuniyil kadavu | Kozhikode | 868.65 | | Toll notification published.Collection not started due to public protest. |
| 72 | **Wayanad** | Koodalkadavu | Wayanad | 262.41 | 1/7/2005 | |
| 73 | Wayanad | Koodalkadavu | Wayanad | 176.50 | 7/2006 | |
| | **Wadakara** | Nil | Wadakara | Nil | Nil | |
| 74 | **Kannur** | Parappra | Kannur | 102.75 | 1996 | |
| 75 | Kannur | Muttom Palakodu | Kannur | 399.11 | 9/1998 | |
| 76 | Kannur | Erappu kadavu | Kannur | 116.97 | 2000 | |
| 77 | Kannur | Aayithara | Kannur | 117.32 | 2002 | |
| 78 | Kannur | Munderi kadavu | Kannur | 119.44 | 4/2003 | |
| 79 | Kannur | Chemballikunnu | Kannur | 226.25 | 2/2004 | |
| 80 | Kannur | Ayiramthengu | Kannur | 382.79 | 11/2005 | |
| 81 | Kannur | Mammakunnu kadavu | Kannur | 430.00 | 3/2006 | |
| 82 | Kannur | Malapattom Munambu | Kannur | 481.23 | 2/2007 | |
| 83 | Kannur | Koralaayi | Kannur | 242.00 | 6/2008 | |

| | | | | | | |
|---|---|---|---|---|---|---|
| 84 | Kannur | Thaineri-Kara Thadichalam | Kannur | 260.00 | 11/2008 | |
| 85 | Kannur | Velikkil | Kannur | 260.00 | 12/2008 | |
| 86 | Kannur | Pavannur | Kannur | 550.00 | 2009 | |
| 87 | Kannur | Panampuzha kadavu | Kannur | 159.47 | 2009 | |
| 88 | Kannur | Kunderikadavu | Kannur | 200.00 | 2009 | |
| 89 | **Kasaragode** | Cherupuzha | Kasaragode | 106.64 | 20/9/1998 | |
| 90 | Kasaragode | Kottody | Kasaragode | 105.76 | 9/1/2004 | |
| 91 | Kasaragode | Madhur | Kasaragode | 104.26 | 29/1/2004 | |
| 92 | Kasaragode | Kallige | Kasaragode | 212.77 | 29/1/2004 | |
| 93 | Kasaragode | Angadimogar | Kasaragode | 191.00 | 1/6/1998 | |
| 94 | Kasaragode | Parakadavu | Kasaragode | 218.77 | 1/1/2002 | |
| 95 | Kasaragode | Arayaakadavu | Kasaragode | 328.10 | 10/2/2007 | |
| 96 | Kasaragode | Narampaady | Kasaragode | 109.96 | 1/11/1999 | |
| 97 | Kasaragode | Pallamkodu | Kasaragode | 272.46 | 15/1/2003 | |
| 98 | Kasaragode | Elkaana | Kasaragode | 239.57 | 4/2/2007 | |
| 99 | Kasaragode | Mukkada | Kasaragode | 274.74 | 1/7/2006 | |
| 100 | Kasaragode | Erinjipuzha | Kasaragode | 125.62 | 12/4/1997 | |

Section officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 81 | 09-02-2011-ൽ മറുപടിയ്ക്ക്

കായിക സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ)<br>കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സ്പോർട്ട്സിലുള്ള തുടർ പഠനത്തിന് കായിക സർവ്വകലാശാല സംസ്ഥാനത്ത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ; | (എ)<br>ഉണ്ട്. |
| (ബി)<br>എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് കമ്മീഷൻ ചെയർമാൻ എന്ന് വെളിപ്പെടുത്തുമോ ; | (ബി)<br>ഇതിനായി കമ്മീഷനെ നിയമിച്ചിട്ടില്ല എന്നാൽ കേരള സ്പോർട്സ് കമ്മിഷൻ ചെയർമാനായിരുന്ന ശ്രീ.എ.കെ.പാണ്ഡ്യയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. |
| (സി)<br>പ്രസ്തുത കമ്മീഷൻ ഇതു സംബന്ധമായി റിപ്പോർട്ട് ഇതിനകം സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്; | (സി)<br>ശ്രീ.എ.കെ.പാണ്ഡ്യ, പദ്ധതിയുടെ കൺസെപ്റ്റ് പേപ്പർ 27-01-2011-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

———

(ഡി)
എന്തൊക്കെയാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ; കായിക രംഗവുമായി ബന്ധപ്പെട്ട ഏതെല്ലാം കോഴ്സുകൾ സർവ്വകലാശാലയിൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ)
കായിക രംഗത്ത് മലബാറിന്റെ മികച്ച സംഭാവനകൾ പരിഗണിച്ച് സർവ്വകലാശാലാ ആസ്ഥാനം മലബാർ പ്രദേശത്താക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്)
കേന്ദ്ര സഹായത്തോടെ ആയിരിക്കുമോ സർവ്വകലാശാല ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; എങ്കിൽ കേന്ദ്രവുമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ഡി), (ഇ) & (എഫ്)

ശ്രീ.എ.കെ.പാണ്ഡ്യ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.82

09.02.2011ൽ മറുപടിയ്ക്ക്

കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി..പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു.ജല വിഭവ വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) ചീഫ്എഞ്ചിനീയറുടെ(ജലസേചനവും ഭരണവും) കീഴിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>i) മലബാർ പ്രദേശത്തിന്റെ ഉന്നമനത്തിനായി ഏഴ് വടക്കൻ ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുകയും, വി.സി.ബി., ചെക്ക് ഡാം മുതലായവ പുനരുദ്ധരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും 180.09 കോടി രൂപയുടെ 418 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഭരണാനുമതി നൽകി .<br><br>എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധരിക്കുവാൻ 35.84 കോടി രൂപയുടെയും തെക്കൻ ജില്ലകളിലെ 82 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുവാൻ 15.44 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകി .<br><br>മലബാർ പാക്കേജിലുൾപ്പെടുത്തി കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെ |

പുനരുദ്ധാരണത്തിനായി 20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി .

ii) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതികൾ പ്രകാരം കൃഷിഭൂമിയുടെ ജലസേചനത്തിനായി തടയണകൾ, നീർച്ചാലുകളുടെ സംരക്ഷണം, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, വി.സി.ബി.കൾ, പാടശേഖരങ്ങളിൽ ഓരു വെള്ളം കയറുന്നതു തടയാൻ റഗുലേറ്റർ-കം-ബ്രിഡ്ജുകൾ മുതലായവയുടെ നിർമ്മാണം നടത്തി വരുന്നു.

iii) കുളങ്ങളുടെയും, ജലാശയങ്ങളുടെയും നവീകരണത്തിനുള്ള പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണത്തിനും, സംരക്ഷണത്തിനുമായി 165 പദ്ധതികൾക്കായി 28.22 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-I) കീഴിലുള്ള മലമ്പുഴ, ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും (ഇആർഎം) വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ പ്രധാനമന്ത്രിയുടെ കാർഷിക പാക്കേജിൽ (എഐബിപി) ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റ്യാടി പദ്ധതിയുടെ നവീകരണത്തിനായി മലബാർ ഇറിഗേഷൻ പാക്കേജിൽ (മിർപ്പ) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചമ്രവട്ടം പദ്ധതിയുടെയും പലക പാണ്ടി പദ്ധതിയുടെയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ വരുന്ന പീച്ചി, വാഴാനി, ചീരക്കുഴി, ചിമ്മിനി, ചാലക്കുടി റിവർ ഡൈവർഷൻ സ്കീം, ഇടമലയാർ ജലസേചന പദ്ധതി, പെരിയാർ വാലി

ജലസേചന പദ്ധതി, **പമ്പ, മൂവാറ്റു പുഴ**, കല്ലട, **നെയ്യാർ എന്നീ** ജലസേചന **പദ്ധതികളിൽ കൂടി** തൃശ്ശൂർ, എറണാകുളം, **ഇടുക്കി,** കോട്ടയം, പത്തനംതിട്ട, **കൊല്ലം,** തിരുവനന്തപുരം എന്നീ **ജില്ലകളിലെ** കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ വർഷാവർഷം നടത്തിവരുന്നു. ഇതിനായി മേൽപറഞ്ഞ ശൃംഖലകൾ നവീകരിച്ച് കാർഷികാവശ്യങ്ങൾക്കുള്ള വെള്ളം കൃഷിസ്ഥലത്ത് എത്തിക്കുന്നുണ്ട്. കൂടാതെ ചിറകളുടെ അറ്റകുറ്റപണികൾ നടത്തി കോൾപ്പാടങ്ങൾക്ക് ആവശ്യമായ വെള്ളം എത്തിച്ചും താൽക്കാലികമായി ചിറകൾ നിർമ്മിച്ച് ജലദൗർലഭ്യം പരിഹരിക്കാനും കോൾ ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്ത് കൃഷിത്തടങ്ങളിൽ തടസ്സം കൂടാതെ വെള്ളം എത്തിക്കാനുള്ള പരിപാടികളും വർഷാവർഷം ചെയ്യുന്നുണ്ട്.

കാഡയുടെ കീഴിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കേന്ദ്ര സഹായത്തോടെയുള്ള (50% സി എസ് എസ്) കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങളാണ് (സി.എ. ഡി. ഡബ്ല്യൂ എം പ്രോഗ്രാം) കാഡയിലൂടെ നടപ്പിലാക്കുന്നത്. കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട, എന്നീ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്താണ് ഇപ്പോൾ സി.എ.ഡി ഡബ്ല്യൂ എം പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നത്. ഫീൽഡ് ചാനലുകൾ നിർമ്മിച്ച് കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കുക. വെള്ളക്കെട്ടു നിവാരണ പ്രവൃത്തികൾ നടത്തുക, ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആയക്കെട്ട് പ്രദേശത്തെ കൃഷികാർക്ക് ആധുനിക കൃഷിരീതികളെക്കുറിച്ചും വിത്തിനങ്ങളെക്കുറിച്ചും മറ്റും ആവശ്യമായ അവബോധം ലഭിക്കുന്നതിനായി കാർഷിക പരിശീലനം, പ്രദർശനത്തോട്ട പ്ലോട്ടുകൾ

സജ്ജീകരിക്കുക എന്നീ പ്രവർത്തനങ്ങളാണ് സി.എ.ഡി.ഡബ്ല്യു.എം പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

ബി) ആയക്കെട്ടുകളുടെ വിപുലീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

ബി) ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-I) കീഴിൽ ചമ്രവട്ടം പദ്ധതി പൂർത്തീകരിച്ചാൽ 3170 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനും ഇആർഎം പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ പ്രസ്തുത പദ്ധതികളുടെ വിഭാവനം ചെയ്ത ആയക്കെട്ടുകൾ സ്റ്റബിലൈസ് ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിൽ ജലസേചന പദ്ധതികളുടെ കനാലുകളുടെ നവീകരണത്തിനായി 13-ാം ധനകാര്യകമ്മീഷൻ മുമ്പാകെ ചാലക്കുടി റിവർഡൈവേർഷൻ സ്കീമിന് 9.73 കോടി രൂപയുടെയും പമ്പാ ഇറിഗേഷൻ പദ്ധതിക്ക് 7.25 കോടി രൂപയുടെയും പെരിയാർ വാലി പദ്ധതിക്ക് 40 കോടി രൂപയുടെയും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് അംഗീകാരം ലഭിച്ചാൽ പ്രസ്തുത പദ്ധതികളുടെ ആയക്കെട്ട് വിപുലീകരിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി (കാഡ), പൊതുജന പങ്കാളിത്ത ജലസേചന പദ്ധതി (പിഐഎം) എന്നീ പദ്ധതികൾ പ്രകാരവും കനാലുകൾ നവീകരിച്ച് ആയക്കെട്ടുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കാഡയുടെ കീഴിൽ ആയക്കെട്ടുകളുടെ വിപുലീകരണത്തിനായി പദ്ധതി പ്രദേശങ്ങളിൽ ഫീൽഡ് ചാനലുകൾ നിർമ്മിക്കുന്നുണ്ട്.

സി) മലബാറിനായി ആവിഷ്കരിച്ച പ്രത്യേക ജലസേചന പാക്കേജിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

സി) ചീഫ്എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മലബാർ പ്രദേശത്തിന്റെ ഉന്നമനത്തിനായി ഏഴ് ജില്ലകളിലായി 209

തടയണകൾ, വി.സി.ബി., റെഗുലേറ്ററുകൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 30 എണ്ണം പൂർത്തിയായിട്ടുണ്ട്. 128 എണ്ണത്തിന്റെ പണി പുരോഗതിയിലാണ്. 15 എണ്ണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 32 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാനുണ്ട്. 4 പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു.

മലബാർ മേഖലയിൽ ഭരണാനുമതി നൽകിയ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ 190 പദ്ധ തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സിവിൽ, മെക്കാനി ക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃ ത്തികൾക്ക് അതാതു വിഭാഗങ്ങൾ ടെൻഡർ വിളിക്കുകയും ഇത് വിവിധ ഘട്ടങ്ങളിലായി നടത്തി വരുകയും ചെയ്യുന്നു. ബാക്കി പദ്ധ തികളുടെ സാങ്കേതികാനുമതിക്കുള്ള നടപടി കൾ ത്വരിതപ്പെടുത്തി വരുന്നു.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-I) കീഴിൽ മലബാർ പാക്കേജിൽ ഉൾപ്പെ ടുത്തി കുറ്റ്യാടി പദ്ധതിക്കുവേണ്ടി 20 കോടി രൂപയുടെ 124 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
പ്രസ്തുത പ്രവൃത്തികളിൽ 64 എണ്ണം പൂർത്തീകരിച്ചു. ബാക്കി 60 പ്രവൃത്തി കൾ പുരോഗമിച്ചുവരുന്നു.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ മലബാർ ഇറിഗേഷൻ പാക്കേ ജിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോൾ നിലങ്ങളുടെയും, വാഴാനി, ചീരക്കുഴി പദ്ധതികളുടെയും വികസന ത്തിനായി 41 പ്രവർത്തികൾക്കായി 39.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം ജലസേചന പദ്ധതികളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം പദ്ധതികളുടെ നവീകരണം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ; | ഡി) | ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-I) കീഴിൽ ചമ്രവട്ടം പദ്ധതിയും പലകപാണ്ടി പദ്ധതിയും 2011-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മലമ്പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ നവീകരണ പ്രവൃത്തികൾ 2011ലും ചിറ്റൂർപ്പുഴ പദ്ധതിയുടെ പ്രവൃത്തികൾ 2012ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഏറ്റെടുത്ത ജലസേചന പദ്ധതികളുടെ നവീകരണം പുരോഗമിച്ചു വരുന്നു. നവീകരണം പുരോഗമിക്കുന്ന ജലസേചന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം- I-ൽ ചേർക്കുന്നു. |
| ഇ) | മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വിഭാഗത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ; | ഇ) | ചീഫ്എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 418 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 104 കോടി രൂപയുടെയും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, വി.സി.ബി.കൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 209 സ്കീമുകൾക്കായി 127.33 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ കൊത്തുവാര കടവിൽ (കോട്ടചിറ) കരിയാർ പുഴക്ക് കുറുകെ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 24.028 കോടി രൂപയ്ക്കും, പെരിയാറിൽ പുറപ്പള്ളിക്കാവ് കടവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ 41 കോടി രൂപയ്ക്കും, ഈസ്റ്റ് കല്ലട പഞ്ചായത്തിൽ ചിറ്റുമല ചിറ പ്രോജക്ട് നിർമ്മിക്കുവാൻ 16.50 കോടി രൂപയ്ക്കും, മീനച്ചിൽ പുഴക്ക് കുറുകെ കളരി മക്കൾ കടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുവാൻ 3.50 കോടി രൂപയ്ക്കും ഭരണാനുമതി<br><br>നൽകി.യിട്ടുണ്ട്. |

ആലപ്പുഴ ചങ്ങനാശ്ശേരി കനാലിന്റെ നിർമ്മാണത്തിനായി 104 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മലബാർ പാക്കേജിലുൾപ്പെടുത്തി കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെ പുനരുദ്ധാരണത്തിനായി 20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-I) കീഴിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ (മിർപ്പ) ഉൾപ്പെടുത്തി കുറ്റ്യാടി പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിലാണ് പദ്ധതികൾ ഉള്ളത്. 39.49 കോടി രൂപയുടെ 41 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിന്റെ ലിസ്റ്റും (ഇപ്പോഴത്തെ നില സഹിതം) അനുബന്ധം- II -ൽ ചേർത്തിട്ടുണ്ട്.

എഫ്) ഇവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എഫ്) പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ്എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. 'മിർപ'യിൽ ഉൾപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിനായി ജനകീയസമിതികൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.83 — 9.2.2011ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

**ചോദ്യം**

ശ്രീ.കെ.രാജു:
ശ്രീ.പള്ളിപ്രം ബാലൻ:
ശ്രീ.എ.കെ.ചന്ദ്രൻ:
ശ്രീമതി.ഇ.എസ്.ബിജിമോൾ:

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് " ആശ്വാസകിരണം " പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്ക് 1/4/2010 മുതൽ പ്രാബല്യം ഉണ്ട്. |
| (ബി) | ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ; | (ബി) | തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾ മൂലം ശയ്യാവലംബികളായവരെ കൂടാതെ ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ എന്നിവർക്ക് കൂടി ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ട് 28-1-2011ലെ ജി.ഒ(എം.എസ്)-9/2011/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ശയ്യാവലംബികളായവരെ പരിചരിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ആശ്വാസകിരണം പദ്ധതി പ്രകാരം ശയ്യാവലംബികളായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300/-രൂപ വീതം നൽകുന്നു. |

R. Vijayesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 84 — 9.2.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. എം.മുരളി
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ. എം.എ. വാഹീദ്

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ദീർഘ ദൂരയാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (എ) | കെ.എസ്.ആർ.ടി.സി ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചുവടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1)ദീർഘദൂരസർവ്വീസുകൾക്കായി പുഷ്ബാക്ക് സൗകര്യമുള്ള സീറ്റുകളോടു കൂടിയ 53 ബസ്സുകൾ നിരത്തിലിറക്കി.<br>(2) ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നൽകുകയുണ്ടായി.<br>(3) പല ദീർഘദൂര സർവ്വീസുകളും അപ്ഗ്രേഡ് ചെയ്ത് സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് സർവ്വീസുകളായി മാറ്റുകയുണ്ടായി.<br>(4) ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് വിശ്രമത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും വൃത്തിയുള്ള ടോയ്ലെറ്റുകൾ നിർമ്മിക്കുകയും ചെയ്തു.<br>(5) പുതിയ സൂപ്പർ എക്സ്പ്രസ് ബസുകളിൽ ഷട്ടറിനു പകരം സൈഡ് വിൻഡോ ഗ്ലാസുകൾ ഏർപ്പെടുത്തുകയുണ്ടായി.<br>(6) തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിലേയ്ക്കും കർണ്ണാടകയിൽ ബാംഗ്ലൂർ |

| | | | |
|---|---|---|---|
| | | | വരെയും കൂടുതൽ അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചു. |
| (ബി) | ദീർഘദൂരയാത്രയ്ക്കുള്ള ഓൺലൈൻ റിസർവേഷൻ സൗകര്യം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ 214 ദീർഘദൂര സർവ്വീസുകൾക്ക് ഇതിനകം ഓൺലൈൻ റിസർവേഷൻ സൗകര്യം എർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലാ ആസ്ഥാന ങ്ങളിലും ഇപ്പോൾ പ്രസ്തുത സൗകര്യം ലഭ്യമാക്കി യിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുതസംവിധാനം കൂടുതൽ വ്യാപകമാ ക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്നറിയിക്കുമോ ? | (ഡി) | പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി.യുടെ 13 റിസർവേഷൻ കൗണ്ടറുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 214 സർവ്വീസുകൾക്ക് ലഭിക്കുന്ന ഈ സൗകര്യം കൂടുതൽ കേന്ദ്രങ്ങളിൽനടപ്പിലാക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 85 09.02.2011-ൽ മറുപടിക്ക്

## ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക വഴി വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളും, ടി സേവനങ്ങൾ ലഭിക്കുന്നതിനായി നിഷ്കർഷിക്കേണ്ട മാനദണ്ഡങ്ങളും, പരാതി പരിഹാര സംവിധാനങ്ങളും, ഉപഭോക്താക്കളിൽ എത്തിക്കുവാൻ കഴിഞ്ഞു. എല്ലാ ഡിവിഷൻ ഓഫീസുകളോ ടൊപ്പവും ഹെൽപ്പ് ഡെസ്ക്കുകളും, അറ്റകുറ്റ പണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ബ്ളൂ ബ്രിഗേഡ് സംവിധാനവും ഏർപ്പെടുത്തി. തലസ്ഥാന നഗരിയിൽ വാട്ടർ കണക്ഷൻ നൽകുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്തി. വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിന് ഇ-പെയ്മെന്റ് സംവിധാനം നടപ്പാക്കി. പി.എച്ച് ഡിവിഷന്റെ കീഴിൽ രാവിലെ എട്ടു മണി മുതൽ രാത്രി എട്ടു മണി വരെ വെള്ളക്കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ജല ചൂഷണം തടഞ്ഞു ജല ലഭ്യത വർദ്ധിപ്പിക്കുവാൻ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചു. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഡിവിഷനെന്നും, പ്രോജക്ട് ഡിവിഷനെന്നും അതോറിറ്റിയെ പുനഃസംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| (ബി) | പുതുതായി വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള കാലപരിധി നിശ്ച-യിച്ചിട്ടുണ്ടോ ; എങ്കിൽ നിശ്ചിത കാലപരിധിക്കുള്ളിൽ കണക്ഷൻ നൽകാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | നഗര പ്രദേശങ്ങളിൽ ഏഴു ദിവസത്തിനുള്ളിലും, ഗ്രാമപ്രദേശങ്ങളിൽ 15 ദിവസത്തിനുള്ളിലും വാട്ടർ കണക്ഷൻ നൽകണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. സാങ്കേതി-കമായി കണക്ഷൻ നൽകാവുന്നതാണെങ്കിൽ ആവശ്യമായ രേഖകളും, കൃത്യമായ വിവരങ്ങളും നിശ്ചിത ഫീസും അടയ്ക്കുകയാണെങ്കിൽ സമയപരിധിക്കു-ള്ളിൽ കണക്ഷൻ നൽകാറുണ്ട്. |
| (സി) | ഈ സർക്കാർ വന്നശേഷം എത്ര പുതിയ ഗാർഹിക കണക്ഷനുകൾ നൽകി എന്ന് വെളിപ്പെടുത്തുമോ ; | (സി) | വടക്കൻ മേഖലയുടെ കീഴിൽ 60,153 പുതിയ ഗാർഹിക കണക്ഷനുകളും, മധ്യമേഖലയുടെ കീഴിൽ 1,17,625 കണക്ഷനുകളും, തെക്കൻ മേഖലയുടെ കീഴിൽ 12,26,605 കണക്ഷനു-കളും നൽകിയിട്ടുണ്ട്. |
| (ഡി) | ഉപഭോക്താക്കളും അതോറിറ്റിയും തമ്മിലുള്ള റവന്യൂ സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് എന്തെ-ങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ഡി) | അദാലത്തുകൾ നടത്തുകയും ഉപഭോക്താവിന്റെ പരാതി കൂടി പരിഗണിച്ച് തർക്കങ്ങൾ തീർപ്പു കൽപ്പിക്കുകയും ചെയ്യാറുണ്ട്. |
| (ഇ) | ബ്ലൂ ബ്രിഗേഡ് സംവിധാനം ഏതെല്ലാം സ്ഥലങ്ങളിൽ ഏർപ്പെടു-ത്തിയിട്ടുണ്ട്; ഈ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ ; | (ഇ) | തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. മറ്റു ഒൻപതു ജില്ലാ കേന്ദ്രങ്ങളിൽ കൂടി ടി സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റുന്ന-തിനുള്ള നടപടി ക്രമം വിശദമാ-ക്കുമോ; മീറ്റർ മാറ്റി സ്ഥാപിക്കുന്നതി-നുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | പ്രവർത്തന രഹിതമായ മീറ്റർ മാറ്റുന്നതിന് ഉപഭോക്താവിന് നോട്ടീസ് നൽകുന്നതും നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം കേടു വന്ന മീറ്റർ മാറ്റി സാങ്കേതിക ക്ഷമതാ മാനദണ്ഡങ്ങൾ പ്രകാരമുള്ള പുതിയ മീറ്ററോ, പഴയ മീറ്റർ റിപ്പയർ ചെയ്തോ, ലൈസൻസ്ഡ് പ്ലംബർമാർ മുഖേന ഉപഭോക്താവ് മാറ്റി സ്ഥാപിക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച് ഇൻസ്പെക്ഷൻ ഫീസ് ഒടുക്കേണ്ടതും, മീറ്റർ ടെസ്റ്റ് ചെയ്ത് പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പാക്കേണ്ടതു-മാണ്. നിശ്ചിത തീയതിക്കകം മീറ്റർ മാറ്റി വയ്ക്കാത്ത പക്ഷം ആദ്യ മാസം 25% വും, അടുത്ത മാസം 50% വും , അതിനു ശേഷം 100% വും സർച്ചാർജ്ജ് ഈടാക്കുന്നതാണ്. മൂന്നു മാസത്തിനകം മീറ്റർ മാറ്റിയില്ലെങ്കിൽ നോട്ടീസ് നൽകി കണക്ഷൻ വിച്ഛേദിക്കു-ന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരി-ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86 | 9.2.2011 ൽ മറുപടിക്ക് |

## ഔഷധിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എം.ജെ. ജേക്കബ്<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ.എ.എം. യൂസഫ് | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഔഷധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | ഔഷധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ: ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് ഒരു കോടി രൂപ ചെലവു ചെയ്ത് പുതിയ ബോയിലർ 2006 ൽ ഫാക്ടറിയിൽ സ്ഥാപിച്ചു. 50 ലക്ഷം രൂപ ചെലവ് ചെയ്ത് പരിയാരത്ത് ഒരു സബ് സെന്റർ 4.9.2008 മുതൽ പ്രവർത്തനം ആരംഭിച്ചു. ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് 20 ലക്ഷം രൂപയുടെ ഫുള്ളി ഓട്ടോമാറ്റിക് ഫില്ലിംഗ് ലൈൻ, 12 ലക്ഷം രൂപയുടെ ഒരു പൾവറൈസർ, 10 ലക്ഷം രൂപയുടെ ജൂസ് എക്സ്പ്ലർ, 12 ലക്ഷം രൂപയുടെ ഹൈഡ്രോളിക് പ്രസ്, 13 ലക്ഷം രൂപയുടെ സ്റ്റോറേജ് ടാങ്കുകൾ, 6ലക്ഷം രൂപ വീതം വില വരുന്ന 5 പ്രഷർ എക് സ് ട്രാക്ടർ തുടങ്ങിയ യന്ത്രസാമഗ്രികൾ വാങ്ങി. 23 ലക്ഷം രൂപ ചെലവ് ചെയ്ത് ഒരു ആധുനിക മലിനജല ശുദ്ധീകരണ പ്ലാന്റും കഴിഞ്ഞ വർഷം കമ്മീഷൻ ചെയതു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ 260 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ ഗവേഷണ വിഭാഗം 2009-10 വർഷം ആരംഭിച്ചു. ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ട് യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ താഴെപറയുന്ന തുക ചെലവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. 2006-07 75.58 ലക്ഷം രൂപ<br>2. 2007-08 17.99 ലക്ഷം രൂപ<br>3. 2008-09 35.07 ലക്ഷം രൂപ<br>4. 2009-10 42.00 ലക്ഷം രൂപ<br>5. 2010-11 69.44 ലക്ഷം രൂപ<br>---------------------<br>ആകെ 240.08 ലക്ഷം രൂപ<br>===============<br>നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷങ്ങളിൽ താഴെപറയുന്ന തുക ചെലവാക്കിയിട്ടുണ്ട്.<br>1. 2006-07 30.98 ലക്ഷം രൂപ<br>2. 2007-08 28.37ലക്ഷം രൂപ<br>3. 2008-09 170.32 ലക്ഷം രൂപ<br>4. 2009-10 82.83 ലക്ഷം രൂപ<br>5. 2010-11 81.65 ലക്ഷം രൂപ<br>---------------------<br>ആകെ 394.15 ലക്ഷം രൂപ<br>===============<br>ഉദ്ദേശം 16.7 കോടി ചെലവു പ്രതീക്ഷിക്കുന്ന ഔഷധിയുടെ പുതിയ വികസന സംരംഭമായ സെന്റർ ഓഫ് എക് സലൻസ് ഫോർ ആയുർവേദിക് ഫാർമസ്യൂട്ടിക്കൽസ് ഇൻ ഇന്ത്യ എന്ന പദ്ധതിക്ക് 6.10.2010 ൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകുകയും പദ്ധതിയുടെ ശിലാസ്ഥാപനം 4.1.2011 ന് ബഹു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ഗുലാം നബി ആസാദ് നിർവഹിക്കുകയുണ്ടായി. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 2012 മെയ് മാസം അവസാനത്തോടെ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) | സർക്കാർ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ ആയുർവേദമരുന്നുകൾ വിതരണം ചെയ്യുന്നതിന് ഔഷധിക്ക് കഴിയുന്നുണ്ടോ ; | ബി) | കേരളത്തിലെ 1034 സർക്കാർ ആശുപത്രികളിലേയ്ക്കും ഡിസ് പെൻസറികളിലേയ് ക്കും ആവശ്യമായ മരുന്നുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിന് ഔഷധിക്ക് കഴിയുന്നുണ്ട്. കഴിഞ്ഞ വർഷം മൂന്നു ടേമുകളിലായി 6.95 കോടി രൂപയുടെ മരുന്നുകളാണ് വിതരണം ചെയ്തത്. കൂടാതെ ഗ്രാമപഞ്ചായത്തുകൾ മുഖേന വിവിധ ഡിസ്പെൻസറികളിലേയ്ക്കും ആശുപത്രികളിലേയ്ക്കും 14.56 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുക |

| | | | |
|---|---|---|---|
| | | | യുണ്ടായി. കൂടാതെ NRHM ന്റെ ഭാഗമായി 3.28 കോടി രൂപയുടെ മരുന്നുകൾ വിവിധ സർക്കാർ ആയുർവേദ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ മരുന്നുകൾ സമയപരിധിക്കകം വിതരണം ചെയ്യുന്നതിന് ഔഷധിക്ക് സാധിക്കുന്നുണ്ട്. |
| സി) | മറ്റു സംസ്ഥാനങ്ങളിലെ ആയുർവേദ ആശുപത്രികൾക്ക് ഔഷധി മരുന്ന് വിതരണം ചെയ്യുന്നുണ്ടോ; | സി) | കേരളത്തിനു പുറമെ രാജസ്ഥാൻ, ഒറീസ്സ, മധ്യപ്രദേശ്, പോണ്ടിച്ചേരി, ഛത്തീസ്ഘട്ട്, പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ സർക്കാർ ആയുർവേദ സ്ഥാപനങ്ങൾക്കും ഔഷധി മരുന്ന് വിതരണം ചെയ്യുന്നുണ്ട്. |
| ഡി) | ആയുർവേദ മരുന്നുൽപ്പാദനവുമായി ബന്ധപ്പെട്ട് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഇവിടെ പ്രത്യേക കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | ഡി) | ആയുർവേദ മരുന്നുൽപ്പാദനവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ഗവേഷണ വിഭാഗം ഔഷധിയിൽ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 2 കോടി രൂപ ഗ്രാന്റുൾപ്പെടെ 260 ലക്ഷം രൂപ ചെലവു ചെയ്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ആർ ആന്റ് ഡി വിഭാഗം 2009 ൽ പ്രവർത്തനം ആരംഭിച്ചു. |
| ഇ) | ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഔഷധി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | ഇ) | കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന വിവിധ പദ്ധതികൾ ഔഷധി ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്.<br>എ) ഗുണനിലവാരമുള്ളതും വ്യാവസായിക പ്രാധാന്യമുള്ളതുമായ ഔഷധ സസ്യങ്ങളുടെ ഉൽപാദനവും വിതരണവും ലക്ഷ്യമാക്കി ഔഷധി സമർപ്പിച്ച പ്രോജക്ടിന് 25.9.2007 ന് എൻ.എം.പി.ബി അംഗീകാരം നൽകുകയും 22 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 16.66 ലക്ഷം രൂപ രണ്ട് ഗഡുക്കളായി ഇതിനകം ഔഷധിക്ക് എൻ.എം.പി.ബി കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുട്ടനെല്ലൂരിലും കണ്ണൂർ ജില്ലയിലെ പരിയാരത്തും രണ്ട് നഴ്സറികളിൽ ആരംഭിക്കുകയും ഈ നഴ്സറികളിൽ നിന്ന് അശോകം, ചന്ദനം, കൂവളം, നീർമരുത്, രക്ത ചന്ദനം, തുടങ്ങിയ 319785 ഔഷധ സസ്യതൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് ഇതിനോടകം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബി) ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന അസംസ്കൃത മരുന്നുകൾ ന്യായമായ നിരക്കിൽ തിരികെ വാങ്ങും പദ്ധതി വിജയകരമായി ഔഷധി നടപ്പിലാക്കു ന്നുണ്ട്.<br>സി) ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിന്റെ പ്രാധാന്യം സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് ഗ്രാന്റായി അനുവദിച്ച 5.5 ലക്ഷം രൂപ ഉപയോഗിച്ച് തൃശൂർ ജില്ലയിലെയും കണ്ണൂർ ജില്ലയിലെയും തിരഞ്ഞെടുത്ത 50 വീതം സ് ക്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ നിർമ്മിക്കുകയുണ്ടായി. തൃശൂർ ജില്ലയിലെയും കണ്ണൂർ ജില്ലയിലെയും തിരഞ്ഞെടുത്ത 100 വീതം സ്ക്കൂളുകളിൽ ഔഷധിയുടെ നേതൃത്വത്തിൽ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി എൻ.എം.പി.ബി യിൽ നിന്നും ഗ്രാന്റായി 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ഇതിനോടകം ആരംഭി ച്ചിട്ടുണ്ട്.<br>ഡി) തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമ പഞ്ചായത്ത് ചന്ദനഗ്രാമമാക്കുന്നതിനു വേണ്ടി ഒരു വീട്ടിൽ ചുരുങ്ങിയത് ഒരു ചന്ദനമരമെങ്കിലും വളർത്തുന്ന പദ്ധതിക്ക് ആവശ്യമായ 5000 ചന്ദനതൈകൾ ഔഷധി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക യുണ്ടായി.<br>ഇ) തൃശൂർ ജില്ലയിലെ ഔഷധിയോട് ചേർന്ന് കിടക്കുന്ന പുത്തൂർ പഞ്ചായ ത്തിലെ കർഷകർക്ക് 3000 ഔഷധ സസ്യ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു.<br>എഫ്) തൃശൂർ ജില്ലയിലെ അന്തിക്കാട് പഞ്ചായത്തിലെ എല്ലാ വീടുകളിലും ചന്ദന തൈകൾ വളർത്തുന്നതിനു വേണ്ടി ആവശ്യമായ 4500 ചന്ദനതൈകൾ ഔഷധി യിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.<br>ജി) തൃശൂർ സെൻട്രൽ ജയിലിലെ 4 ഏക്കർ സ്ഥലം കൃഷി ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ ഗ്രാഫ്റ്റ് നെല്ലി, നീർമരുത്, കുമിഴ് തുടങ്ങി വിവിധയിനം ഔഷധ സസ്യ തൈകൾ ഔഷധി നഴ്സറിയിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യു.<br>എച്ച്) വംശനാശ ഭീഷണി നേരിടുന്ന അശോക മരങ്ങൾ വ്യാപകമായി നട്ടുപിടിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രചാരണ പരിപാടികൾ ഔഷധി ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ സർക്കാർ ആശുപത്രികൾ, അമ്പലങ്ങൾ, ക്രസ്തീയ, മുസ്ലിം ദേവാലയങ്ങൾ, മറ്റു പൊതു സ്ഥലങ്ങൾ മുതലായ ഇടങ്ങളിൽ നടുന്നതിനാവശ്യമായ മുഴുവൻ തൈകളും ഔഷധി നഴ്സറിയിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യു. |
| എഫ്) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളുടെ ഗുണ നില വാരം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | എഫ്) | ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ ഡിപ്പാർട്ട്മെന്റിന് നൽകുന്ന ഔഷധിയുടെ മരുന്ന് ആയുഷിന്റെ ഗൈഡ്ലൈൻ പാലിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടു ള്ളതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 87 9.2.2011- ലെ മറുപടി

കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എൻ.ശക്തൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. എ. പി. അനിൽകുമാർ

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് ; | (എ) | കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കി വരുന്നു.<br>1. ഭരണനിർവ്വഹണചെലവുകൾ കുറയ്ക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി പ്രവർത്തനം പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ചു<br>2. ബി.ഒ.ടി.അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ കെ.ടി.ഡി. എഫ്. സി എറ്റെടുത്ത് നടപ്പാക്കി വരുന്നു.<br>3. കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനമൂലധനത്തിനും ബസ്സുകൾ വാങ്ങുന്നതിനും മറ്റുമായി കെ.ടി.ഡി. എഫ്.സി. വായ്പകൾ നൽകി വരുന്നു.<br>4. കെടി.ഡി.എഫ്.സിയിലെ എല്ലാ നിയമനങ്ങളും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻെറ പരിധിയിൽ കൊണ്ടു വരികയുണ്ടായി.<br>5. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ വായ്പകൾ എടുത്തവരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി കെ ടി.ഡി.എഫ്.സിയിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. കോർപ്പറേഷൻ നൽകിയിട്ടുള്ള ലോണുകളിൽ തിരിച്ചടവ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള വായ്പക്കാരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള റിക്കവറി നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ എതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇപ്പോൾ കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്തിട്ടുള്ളത് ; | (ബി) | കെ.എസ്.ആർ.ടി.സി രണ്ടു ഘട്ടങ്ങളിലായി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 59 ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ, 8 എണ്ണത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങളാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി. എഫ്. സി. ഏറ്റെടുത്തിട്ടുള്ളത്. അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നിവയാണ് ഈ കേന്ദ്രങ്ങൾ. ഇവയിൽ അങ്കമാലി ഉത്ഘാടനം ചെയ്യപ്പെട്ടു. |
| (സി) | കെ.ടി.ഡി.എഫ്.സി.യുടെയും മോട്ടോർ വാഹന വകുപ്പിന്റേയും സംയുക്ത സംരംഭമായ ട്രാൻസ് ടവേഴ്സ് സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചുവോ ;ഇല്ലെങ്കിൽ കാലതാമസമുണ്ടായതിനുള്ള കാരണങ്ങൾ എന്തായിരുന്നു ; | (സി) | ട്രാൻസ് ടവേഴ്സ് സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിച്ചില്ല. കാലതാമസം നേരിട്ടതിനുള്ള പ്രധാന കാരണങ്ങൾ ചുവടെ വിവരിക്കുന്നു.<br>1. മരങ്ങൾ മുറിച്ചു മാറ്റിയും കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയും നിർമ്മാണം നടത്തേണ്ട സ്ഥലം കരാറുകാരന് കൈമാറുന്നതിന് താമസം നേരിട്ടു.<br>2. സിമന്റ്, കമ്പി എന്നീ നിർമ്മാണ വസ്തുക്കളുടെ വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ കരാറുകാരൻ കരാർ നടപ്പാക്കുന്നതിന് താൽപ്പര്യക്കുറവ് കാണിച്ചു.<br>3.തുടർന്ന് സിമന്റ്, കമ്പി എന്നിവ ഡിപ്പാർട്ടുമെന്റിൽ സപ്ളൈ ആയി |

| | | | |
|---|---|---|---|
| | | | കരാറുകാരന് നൽകുന്നതിനു വേണ്ടി നടപടി ക്രമങ്ങൾക്കായുള്ള കാല താമസവും ദർഘാസ് നടപടികളിലൂടെ അവ കരാറുകാരന് നൽകുന്നതിൽ വന്ന കാലതാമസവും.<br>4. ഭൂചലനം പോലുള്ള അപകട സാധ്യതകൾ കണക്കിലെടുത്ത് രൂപകൽപ്പനയിലും സ്പെസിഫിക്കേഷനിലും മാറ്റം വരുത്തിയതു മൂലമുള്ള കാലതാമസം.<br>5. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലപരിമിതി മൂലം ഉണ്ടായ തടസ്സങ്ങൾ.<br>6. നിർമ്മാണ ഘട്ടത്തിൽ പലപ്പോഴുമുണ്ടായ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം. |
| (ഡി) | ഇത്തരത്തിലുള്ള ഏതൊക്കെ പുതിയ സംരംഭങ്ങൾ ഏറ്റെടുക്കാനാണ് കെ.ടി.ഡി.എഫ്.സി. പദ്ധതിയിട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ? | (ഡി) | ഇത്തരത്തിലുള്ള 8 പദ്ധതികൾ കെ.എസ്.ആർ.ടി.സിക്കു വേണ്ടി ഏറ്റെടുക്കുകയും അവയിൽ ഒന്നിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 88 9.2.2011 - ൽ മറുപടിക്ക്

# അഴിമതി തടയാൻ പ്രത്യേക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ : | ശ്രീ. എം. വിജയകുമാർ |
| ശ്രീ. അൽഫോൻസ് കണ്ണന്താനം : | (നിയമവും മരാമത്തും |
| ശ്രീ. കെ. കെ. ദിവാകരൻ : | പാർലമെന്ററി കാര്യവും |
| ശ്രീ. എം. ജെ. ജേക്കബ് : | സ്പോർട്സും വകുപ്പു |
| | മന്ത്രി). |

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പി. ഡബ്ല്യൂ. ഡി. തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെ വെട്ടിപ്പ് തടയുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(എ), (ബി), (ഇ), ഉണ്ട്.

1. **ക്വാളിറ്റി കൺട്രോൾ/ പരിശോധനാ വിഭാഗം**

പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവും ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ആരംഭിക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രോൾ/ പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

**2. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(കെ.എച്ച്.ആർ.ഐ)**
കെ.എച്ച്.ആർ.ഐ.യെ ഉന്നത നിലവാരമുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.യുടെ കീഴിൽ കൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

**3. വിജിലൻസ് വിംഗ്**
പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

**4. ഇ-ടെണ്ടറും- ഇ- പേമെന്റും**
പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊരുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ചെയ്യാത്ത പണികൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുകയും ബിൽ പാസ്സാക്കുകയും ചെയ്യുന്നു എന്ന ആക്ഷേപം സർക്കാർ പരിശോധിക്കുമോ ; | (സി) | ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പൊതുമരാമത്ത് പണികളെ സംബന്ധിച്ച് വ്യക്തികളും സംഘടനകളും നൽകുന്ന പരാതികൾ പരിശോധിച്ച് നടപടിയെടുക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) | ഇതിനാവശ്യമായ സംവിധാനം ഇപ്പോൾ ത്തന്നെ നിലവിലുണ്ട്. ടോൾ ഫ്രീ കാൾ സെന്റർ പ്രവർത്തനം സജീവമാണ്. |

(ഇ) പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ?

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 89 — 9.2.2011 –ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആരോഗ്യ–സാമൂഹ്യ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.പി.ജയരാജൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേയ്ക്ക് 2006–ൽ 50 ലക്ഷം രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് വിവിധ പുനരധിവാസപ്രവർത്തനത്തനങ്ങൾ നടത്തി വരുന്നു. വിവിധ വർഷങ്ങളിലായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി, ഹെൽത്ത് സെന്ററിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും രോഗികൾക്ക് തുടർചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതരിൽ അർഹരായവർക്ക് 300/– രൂപ പ്രതിമാസ വികലാംഗ പെൻഷനും ഇതിന് പുറമെ സാമൂഹ്യക്ഷേമ വകുപ്പ് വഴി രോഗബാധിതർക്ക് അധിക സഹായമായി 400/– രൂപയും രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300/– രൂപ സഹായവും നൽകി. ഇതുകൂടാതെ ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങളുള്ളവരും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വികലാംഗ പെൻഷനായി 300/–രൂപ ലഭിക്കുന്നവർക്ക് 1700/– രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/–രൂപയും ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000/– രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6.12.2010–ന് ഉത്തരവായിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ) നം.5216/10/റവ തീയതി 3.12.2010 പ്രകാരം ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9.4.2010–ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ച് വരുന്നു. ആയുർവേദ, അലോപ്പതി, ഹോമിയോ |

| | |
|---|---|
| | ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപ്പിസ്റ്റ്, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം ഒരു പഞ്ചായത്തിൽ രണ്ട് ദിവസം വീതം പതിനൊന്ന് പഞ്ചായത്തുകളിലും എത്തി രോഗികളെ ചികിത്സിച്ച് വരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധ ആശുപത്രികൾ മുഖേന ഒരു രോഗിക്ക് 50,000/- രൂപാ വരെ സൗജന്യ ചികിത്സയ്ക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഓരോ സബ് സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൽ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയോ തെറാപ്പിസ്റ്റ്, ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം. വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി, ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. രോഗബാധിതർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെ സ്പെഷ്യലിസ്റ്റുകൾ പങ്കെടുത്ത മെഡിക്കൽ ക്യാമ്പുകൾ 11 പഞ്ചായത്തുകളിലും നടത്തി. രോഗപരിശോധനയ്ക്ക് ശേഷം കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് മെഡിക്കൽ കോളേജുകളിലും മലബാർ കാൻസർ സെന്ററിലും സൗകര്യമൊരുക്കി. അർഹരായ രോഗികളെ കണ്ടെത്തി സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) എൻഡോസൾഫാൻ ബാധമൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; | (ബി) എൻഡോസൾഫാൻ ബാധമൂലം മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 50,000/- രൂപാ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |
| (സി)എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ; | (സി) വിശദാംശം അനുബന്ധം ഒന്നായി ചേർക്കുന്നു. |
| (ഡി) രോഗബാധിതരായ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) രോഗബാധിതരായി 3435 പേരെ നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ പേർ രോഗികളായി വരുന്ന പക്ഷം തുടർന്ന് ക്യാമ്പുകൾ നടത്തി രോഗികളെ ഉൾപ്പെടുത്തുന്നതായിരിക്കും. |

| | |
|---|---|
| (ഇ) കിടപ്പിലായ രോഗികളുടെ സാന്ത്വന പരിചരണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഇ) സാന്ത്വന പരിചരണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം കിടപ്പിലായ രോഗികളുടെ വീട് സന്ദർശിച്ച് സാന്ത്വന ചികിത്സ നൽകുന്നുണ്ട്. ആയതിലേയ്ക്കായി 24 സ്റ്റാഫ് നഴ്സുമാരെ 11 പഞ്ചായത്തുകളിലെ ഗവൺമെന്റ് ആശുപത്രികളിൽ നിയമിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (എഫ്) രോഗബാധിതർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശം നൽകുമോ? | (എഫ്)ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങളുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വികലാംഗ പെൻഷനായി 300/- രൂപ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപയും ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000/- രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6.12.2010-ലെ സ.ഉ.(എം.എസ്.) നം.89/2010/സാ.ക്ഷേ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

- രോഗികൾക്ക് വിദഗ്ധ ചികിത്സാ സൗകര്യം ഏർപ്പെടുത്തി. 17 മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് അവശരായ രോഗികൾക്ക് തുടർ ചികിത്സ നൽകുന്നു.
- വൈകല്യം സംഭവിച്ചവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകി.
- 11 ഗ്രാമ പഞ്ചായത്തുകളിലെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ രോഗികൾക്ക് വാഹന സൗകര്യങ്ങൾ ഒരുക്കി.
- കിടപ്പിലായ രോഗികൾക്ക് 2000/- രൂപയും മറ്റുള്ളവർക്ക് 1000/- രൂപയും പ്രതിമാസ സാമ്പത്തിക സഹായം അനുവദിച്ചു.
- ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിച്ചു.
- മൊബൈൽ മെഡിക്കൽ ടീം കിടപ്പിലായ രോഗികളുടെ വീട്ടിലെത്തി സാന്ത്വന ചികിത്സ നൽകുന്നു.
- കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും ഫിസിയോതെറാപ്പി യൂണിറ്റുകൾ തുടങ്ങി.
- രോഗനിർണ്ണയം നടത്തുന്നതിനായി മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ പ്രത്യേക സിറ്റിംഗ് നടത്തുന്നുണ്ട്. മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടി സ്പെഷ്യൽ സ്കൂൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 90        09-02-2011 - ൽ മറുപടിക്ക്

ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. എ.എം.ആരിഫ് :<br>ശ്രീ.സി.കെ.സദാശിവൻ: | | | ശ്രീ.ജോസ് തെറ്റയിൽ<br>ഗതാഗതവകുപ്പു മന്ത്രി |
| (എ) | ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) 1കോടി 59ലക്ഷം രൂപ ചെലവിൽ ആലപ്പുഴ - പോഞ്ഞിക്കരയിൽ ആധുനിക രീതിയിലുള്ള സ്ളിപ്-വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2)ആലപ്പുഴയിൽ നിലവിലുണ്ടായിരുന്ന സ്ളിപ്-വേ നവീകരിക്കുകയും, ഇലക്ട്രിക് വിഞ്ച് സ്ഥാപിക്കുകയും ചെയ്തു.<br>3) 21 പുതിയ സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കി, പഴയ ബോട്ടുകൾക്ക് പകരമായി സർവ്വീസിന് നൽകിയിട്ടുണ്ട്.<br>4) 9 പുതിയ ബോട്ടുകളുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ 'സിൽക്കി'ൽ നടന്നുവരുന്നു.<br>5) അപ്പർ ഡെക്ക് സൗകര്യമുള്ള ബോട്ടുകൾ ഉപയോഗിച്ച് കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസ് വിജയകരമായി നടത്തിവരുന്നു. |
| (ബി) | എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നു; കൂടുതൽ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 48 ബോട്ടുകൾ ഇപ്പോൾ സർവീസ് നടത്തിവരുന്നു. കൂടുതൽ ബോട്ടുകൾ സർവീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പുതുതായി ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | പുതുതായി 9 ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. |
| (ഡി) | ബോട്ടുയാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) | കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് 2010-ൽ നിർദേശിക്കുന്ന എല്ലാ സുരക്ഷാപരിശോധനകളും നടത്തുകയും, എല്ലാ ജീവൻരക്ഷാ ഉപകരണങ്ങളും ബോട്ടിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് ജാക്കറ്റ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | യാത്രക്കാർക്കും ബോട്ടിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഇ) | ബോട്ടിലെ യാത്രക്കാർക്കും, ബോട്ട് ജീവനക്കാർക്കും 2010-11 സാമ്പത്തിക വർഷം, നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം ,,ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരു അപകടത്തിന് പരമാവധി 25 ലക്ഷം രൂപയും ഒരു വർഷത്തേക്ക് 1 കോടി രൂപയുമാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഒരു വ്യക്തി മരണപ്പെടുകയോ/സ്ഥിരമായ അംഗ വൈകല്യം സംഭവിക്കുകയോ ചെയ്താൽ ഒരു ലക്ഷം രൂപയും, ഭാഗിക അംഗ വൈകല്യത്തിന് 50,000/- രൂപയും ലഭിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ